MR. A. THANU PILLAI (*Trivandrum*): മുനിസിപ്പാലിറ്റിയിൽ ഇന്ന പറയത്തക്കവണ്ണം പണം ശേഷിപ്പില്ലെന്നറിയാമോ ?

MR. K. GEORGE (*Chief Secretary to Government*): They do not tap the resources at their disposal.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): I do not think many of them have got a large amount to their credit.

MR. A. THANU PILLAI (*Trivandrum*): May I know the condition of the Trivandrum Municipality ?

MR. K. GEORGE (*Chief Secretary to Government*): Trivandrum has levied the lowest house tax in the State.

Sir, I cannot accept the resolution as it stands. But I am fully in sympathy with the idea that something should be done to help these unfortunate people. Government are prepared to help any philanthropic body or individual who comes forward to do work in this direction.

MR. A. THANU PILLAI (*Trivandrum*): I simply wanted to focus the attention of the Government to this important problem and after hearing the Chief Secretary's assurance, I withdraw my resolution.

PRESIDENT: Does the House allow the resolution to be withdrawn ?

The resolution was, by leave, withdrawn.

RESOLUTION *re* FIXING THE ALLOWANCE TO BE PAID TO MEDICAL OFFICERS.

PRESIDENT: The House will now pass on to Resolution No. 6 which stands in the name of Mr. Tariatu Kunjitomman.

Fixing the allowance to be paid to Medical Officers for private medical attendance.

MR. TARIATU KUNJITOMMAN.

This Council recommends to the Government that notice boards be put up immediately in all the hospitals and dispensaries showing the rate of allowance per mile to be paid to medical officers for private medical attendance.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): മെഡിക്കലാഫീസറന്മാർക്കു രോഗികളെ അവരുടെ വാസസ്ഥലങ്ങളിൽ ചെന്നു നോക്കുന്നതിനു മൈലിനു എന്തു പടി കൊടുക്കണമെന്നു വിധിക്കുന്ന ഒരു ബോർഡ് എല്ലാ ആസ്പത്രികളിടേയും ഡിസ്പൻസറികളിടേയും ഭിത്തിമേൽവയ്ക്കണമെന്നു ഈ യോഗം ഗവണ്മെൻറിനോടു ശുപാർശ ചെയ്യുന്നു.

ഇതാണു ഞാൻ അവതരിപ്പിക്കുന്ന പ്രമേയം. ഗവണ്മെൻറിന്റെ പ്രജാപരിപാലനത്തിൽ ഒരു പ്രധാനമായ ഭാഗം ആതുര സംരക്ഷണമാണു്. അതിലേക്കായി ഗവണ്മെൻറു് അനവധി പണം ചിലവു ചെയ്യുന്നുമുണ്ടു്. എന്നാൽ ഇപ്പോഴത്തെനിലയ്ക്കു് അതുപയോഗപ്പെടേണ്ടവർക്കു വേണ്ടവണ്ണം ഉപയോഗപ്പെടുന്നില്ല. ഇങ്ങിനെ പാഴിൽ അനുവധി

LIBRARY ARCHIVES Kerala Legislative Assembly

പണം ചിലവാക്കുകയും, ജനങ്ങൾക്കുണ്ടാകേണ്ടഗുണം ഉണ്ടാകാതെ ഇരിക്കുകയും ചെയ്യുന്നതിനെ ഗവണ്മെൻറിനെ ചൂണ്ടിക്കാണിക്കുകയും അതിലേക്കു നിവൃത്തിമാർഗ്ഗം നിർദ്ദേശിക്കയുമാണ് ഈ പ്രമേയംകൊണ്ടു ഞാൻ ഉദ്ദേശിക്കുന്നതു്.

ഉത്തരതിരുവിതാംകൂറിലും, രാജ്യത്തിലെ എല്ലാഭാഗങ്ങളിലും തന്നെ വേണ്ടിടത്തോളം സഞ്ചാരസൌകര്യം ഇല്ല. ആശുപത്രികളിൽ നിന്നു വളരെ ദൂരെയായിരിക്കും രോഗികൾ താമസിക്കുന്നതു്. അതായതു് മലയോരങ്ങളിലും ഉൾപ്രദേശങ്ങളിലുമാണ് മലേറിയാ, ടൈഫായിഡ് തുടങ്ങിയുള്ള രോഗികൾ അധികം ഉള്ളതു്. അവരുടെ ജീവിതരീതിയും രോഗംധാരാളം പിടിപെടത്തക്കനിലയിലുള്ളതാണ്. അവിടത്തെ കൃഷിക്കാർ വേണ്ടിടത്തോളം ദിനചര്യയെ സൂക്ഷിച്ചുകാത്തും ആരോഗ്യകരമായ അവസ്ഥയിലും അല്ലകഴിച്ചുകൂട്ടുന്നതു്. അവർക്കു പിടിപെടുന്ന രോഗശമനത്തിന്നായി ആശുപത്രിയിൽ പോയി ഡാക്ടരെകാണുന്നതിനു വളരെപ്രയാസമുണ്ട്. സഞ്ചാരസൌകര്യത്തിനു തക്കറോഡില്ലാത്തതുകൊണ്ടും ഭൂമി നിമ്നോന്നതമായി കിടക്കുന്നതുകൊണ്ടും രോഗികളെ കെട്ടിഎടുത്തു കൊണ്ടല്ലാതെ ആശുപത്രികളിൽ കൊണ്ടുപോകാൻ നിവൃത്തിയില്ല. ചിലപ്പോൾ അതുകൊണ്ടുതന്നെ രോഗി മരിച്ചു പോയേക്കാനും മതി. ന്യൂമോണിയാ, ടൈഫായിഡ് മുതലായരോഗികളെ അനക്കാൻ പാടില്ലെന്നാണ് സാധാരണ ഡാക്ടർമാർ പറയുന്നതു്. പ്രസവകേസ്സുകളും ഇതുപോലെതന്നെ. അതിനാൽ ഡാക്ടരെ വാസസ്ഥലത്തുതന്നെ കൊണ്ടു വരേണ്ടിയിരിക്കുന്നു. ഇപ്പോൾ അതിലേക്കു പടിഇന്നതു കൊടുക്കണമെന്ന് ഒരു ക്ലിപ്തവും ചെയ്തിട്ടില്ലാത്തതുകൊണ്ടു് ജനങ്ങൾ വളരെ ബുദ്ധിമുട്ടനുഭവിക്കുന്നുണ്ട്. മുൻകാലത്തു് ഇതിന് ഒരുവ്യവസ്ഥഗവണ്മെൻറു വച്ചിരുന്നു. ട്രവൻകൂർ-ൽ ദിവാൻ മി. ശങ്കരസുബയരുടെ കാലത്തു് ഇതിലേക്ക് ഒരുചട്ടം ഏർപ്പെടുത്തിയിരുന്നു. അതുഇപ്പോഴും മെഡിക്കൽ ബൊർഡിന് ഒരു ഭൂഷണമായിട്ടു കിടപ്പുണ്ട്. പ്രയോഗത്തിൽ മാത്രം ഇല്ല. അതിൽ ഒരു രോഗിയെ വാസസ്ഥലത്തു പോയി കാണുന്നതിന് ഫസ്റ്റ് ക്ലാസ് ഫീസു കൊടുക്കണമെന്നു പറയുന്നുണ്ട്. ഈ തുക മതി ഇതിൽ നിന്നും കുറയ്ക്കാൻ പാടില്ല എന്നുഞാൻ പറയുന്നില്ല. കുറെ കുറയ്ക്കുന്നതിനും വിരോധമില്ല. ഒരു ക്ലിപ്തം വേണമെന്നെയൊള്ളൂ. ഇപ്പോൾ ഡാക്ടർമാർ പടിയായിട്ട് കിട്ടുന്നിടത്തോളം മേടിക്കുന്നുണ്ട്. മറ്റു ഡിപ്പാർട്ടുമെൻറിലെ ഉദ്യോഗസ്ഥന്മാർ ഇങ്ങനെ ചെയ്താൽ അതു കുറ്റകരമാണ്. ഇവർക്ക് അങ്ങിനെയില്ല. അതു

LIBRARY ARCHIVES Kerala Legislative Assembly

[Mr Tariatu Kunjitomman]

കൊണ്ട് എത്രവേണമെങ്കിലും വാങ്ങിക്കാമെന്നാണ് ഗവണ്മെൻറു വിചാരിക്കുന്നതെന്നു തോന്നിപ്പോകും. ചട്ടം റദ്ദു ചെയ്തിട്ടില്ലെങ്കിലും അതു് ഉപയോഗത്തിലില്ല.

ഈ കൌൺസിലിൻെറ ആരംഭം മുതൽ തന്നെ ഡാക്ടർമാർക്കു വാസസ്ഥലത്തു പോയി രോഗിയെ നോക്കുന്നതിനു ഇന്നപടി കൊടുക്കണമെന്നു വിവരിക്കുന്ന ഒരു ബോർഡ് ആശുപത്രികളിൽ വയ്ക്കണമെന്നു പറഞ്ഞു കൊണ്ടിരിക്കയാണു്. ഒരു മയിലിനു ഇന്ന നിരക്കെന്നോ ഒരു കേസിനിന്ന തുകയെന്നോ ഒരുക്രിയം ചെയ്യണം.

MR. K. GEORGE (*Chief Secretary to Government*): മയിലിനു് ഇന്നതെന്നുവച്ചാൽ അതു യാത്രപ്പടി ആവുകയില്ലേ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): കേസ്സിനു വല്ല പ്രതിഫലവും കൊടുക്കണമെന്നു നിർബന്ധമുണ്ടോ? ഗവണ്മെൻറു ശമ്പളം ഇനത്തിൽ അനാവശ്യ തുപ്പാ ചിലവാക്കീട്ടും ജനങ്ങളുടെ പക്കൽ നിന്നും ഡാക്ടർമാർ ധാരാളം പണം വാങ്ങിക്കൊള്ളട്ടെയെന്നാണോ വിചാരിക്കുന്നതു്?

MR. K. GEORGE (*Chief Secretary to Government*): ഗവണ്മെൻറു നിർബന്ധിക്കുന്നില്ല. ഡാക്ടർമാർ ആവശ്യപ്പെട്ടാൽ ജനങ്ങാം കൊടുക്കുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ഇന്നതേ കൊടുക്കാവു, അല്ലെങ്കിൽ ഡാക്ടർ ഇന്നതേ വാങ്ങിക്കാവു എന്നു് ഒരു വ്യവസ്ഥയുണ്ടായിരുന്നാൽ കുറേ ഭേദമുണ്ടു്.

MR. K. GEORGE (*Chief Secretary to Government*): ഒരു മൈലിനു ഇന്നതു എന്നു വച്ചാൽ അതു സഞ്ചാരപ്പടി ആകയില്ലേ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അതേ. യാത്രപ്പടി മാത്രമേ വാങ്ങിക്കാവു എന്നാണു് ഞാൻ പറയുന്നതു്. പ്രതിമാസം ശമ്പളം വാങ്ങിക്കുന്ന ഉദ്യോഗസ്ഥൻ രോഗിയുടെ വാസസ്ഥലത്തു പോകേണ്ടി വന്നാൽ സഞ്ചാരപ്പടിയല്ലാതെ രോഗത്തിൻെറ ഇനം നിശ്ചയിച്ചു വില പറഞ്ഞു പണം വാങ്ങിക്കരുതെന്നാണു് ഞാൻ പറയുന്നതു്. നല്ല മനസ്സോടെ കൊടുത്താൽ വാങ്ങിക്കൊള്ളട്ടെ, അല്ലാഞ്ഞാൽ യാത്ര പടിമാത്രം—

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): ഗവണ്മെൻറു ശമ്പളം കൊടുക്കുന്നതു് ആശുപത്രിയിൽ ജോലിചെയ്യുന

LIBRARY ARCHIVES Kerala Legislative Assembly

തിനാണെന്നും അല്ലാതെ വാസ സ്ഥലത്തു പോയി നോക്കുന്നതിനല്ലെന്നും അറിയാമോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങിനെ രൂൾസൊന്നുമില്ല. അഥവാ അങ്ങിനെയാരെങ്കിലും ധരിച്ചിട്ടുണ്ടെങ്കിൽ അതു അബദ്ധവുമായിരിക്കും. ആസ്പത്രി ഏർപ്പെടുത്തിയകാലത്തു അങ്ങിനെ ഉദ്ദേശിച്ചിട്ടുമില്ല. കിട്ടുന്നിടത്തോളം പണം ഈ ഡാക്ടർമാർ സാധു ജനങ്ങളുടെ കയ്യിൽ നിന്നും വാങ്ങി കൊള്ളട്ടെ എന്നുഗവണ്മെൻറു നിശ്ചയിച്ചിട്ടുമില്ല.

MR. A. S. DAMODARAN ASAN (*Mavelikara* cum *Kartikapalli*): അങ്ങിനെ ഗവണ്മെൻറു നിശ്ചയിച്ചിട്ടുണ്ടെങ്കിൽ അതിനെ ഭേദപ്പെടുത്താൻ വയ്യേ?

MR TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങിനെ നിശ്ചയിച്ചിട്ടില്ലല്ലോ. പിന്നെ ഭേദപ്പെടുത്തേണ്ട ആവശ്യമെന്താണ്. വാസസ്ഥലത്തു ചെന്ന് ആധാരം രജിസ്റ്റർ ചെയ്യണമെങ്കിൽ അതിലേക്കു ഇന്നപടി രജിസ്ട്രാക്കു കൊടുത്താൽ മതി എന്നു ഒരു ക്ലിപ്തംവച്ചിട്ടുണ്ട്.

DR. K. RAMAN TAMPI (*Inspecting Medical Officer*): രജിസ്ട്രാക്കുപടി എത്ര രൂപായാണ്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതു രജിസ്ട്രേഷൻ രൂൾസ് നോക്കിയാൽ വ്യക്തമായിട്ടറിയാം.

അതുകൊണ്ട് ഈ പടി കുറെക്കൂട്ടിവച്ചാലും വിരോധമില്ല. പക്ഷേ അതു ജനങ്ങൾക്കു വഹിക്കത്തക്കവണ്ണം കൂടിയായിരിക്കണം.

MR. A. THANU PILLAI (*Trivandrum*): രോഗികളെ നോക്കാൻ വിളിച്ചാൽ മെഡിക്കലാഫീസർ പോകണമെന്നു നിർബന്ധമുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഗൗരവമുള്ളകേസ്സുകളിൽപോകതന്നെവേണം. പ്രസവക്കേസിനും മറ്റും പോകാഞ്ഞാലൊ?

MR. N. K KRISHNA PILLAI (*Neyyattinkara*): രജിസ്ട്രാക്കു വച്ചു തിരിക്കുന്ന പടി ഗവണ്മെൻറിലേക്കാണെന്നറിയാമോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അറിയാം. അതു പോലെ ഇതും സർക്കാരിലേക്കു കൊടുക്കുന്നതു കൊണ്ട് ഞങ്ങൾക്ക് ഒരു വിരോധവുമില്ല. എന്നാൽ രജിസ്ട്രാരെ വാസസ്ഥലത്തു വിളിച്ചു വരുത്തുന്നതു ധനവാന്മാരായിരിക്കും. ഡാക്ടരെ വാസസ്ഥല

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

ത്തു വരുത്തേണ്ടതിനുജീവൻ മാത്രമുള്ള ദരിദ്രനും ആവശ്യമുണ്ടാകും. ടൈഫായിഡിന് ഫ 0 0 -രൂപാ, ന്യൂമോണിയാക്ക ഫ 8 0, പ്രസവക്കേസിനു ഒ 8 എന്നും മറ്റുമൊക്കെ രോഗങ്ങൾക്കു വില നിശ്ചയിച്ചു കഴിഞ്ഞാൽ സാധുക്കൾക്കു കൊടുക്കാൻ നിവൃത്തിയില്ല.

DR. K RAMAN TAMPI (*Inspecting Medical Officer*) : ദരിദ്രക്ക് രോഗം വന്നാൽ ആശുപത്രിയുണ്ടല്ലോ.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) ദരിദ്രനു രോഗം വന്നാൽ ആശുപത്രിയിൽ പോകുന്നതിനും സഞ്ചാരസൌകര്യക്കുറവു കൊണ്ടു സാധിക്കാതെ വരും. അപ്പോൾ കെട്ടി എടുത്തുകൊണ്ടു പോകണം. പ്രസവം, ടൈഫായിഡ്, ന്യൂമോണിയാ എന്നീ കേസുകളിൽ രോഗിയെ എടുത്തുകൊണ്ടു പോകയോ അനക്കയോ പാടില്ലാത്തവരും. അപ്പോൾ ദരിദ്രരായ പ്രജകൾ മരിച്ചു കൊള്ളട്ടെ എന്നു വിടണമോ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ആശുപത്രിയിലേക്കു കൊണ്ടുപോകാമല്ലോ.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : അതിനു നിവൃത്തിയില്ല. ന്യൂമോണിയാ, ടൈഫായിഡ് ഇവയിൽ രോഗിയെ അനക്കരുതെന്നു പറയുന്നു.

DR. K. RAMAN TAMPI (*Inspecting Medical Officer*): ആശുപത്രിയിൽ പോയാൽ ചികിത്സിച്ചില്ലെങ്കിൽ റിപ്പോർട്ടു ചെയ്യാം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): റിപ്പോർട്ടു ചെയ്യുന്നതു കൊണ്ടു രോഗശമനം കിട്ടുകയില്ലല്ലോ.

PRESIDENT : We shall continue the discussion after lunch. In the mean time, I have to make an announcement to the Council. Government have just issued the Road Board Rules and under those Rules they propose to constitute a Central Road Board. Four members of the Legislative Council, one from each Revenue Division, elected by the non-official members of the Council, will form part of the Central Board. I request the non-official members of the Council, after the day's sitting of the Council is over, to meet under the presidency of the learned Deputy President and elect these four members. I have also directed printed copies of the rules to be distributed among the members.

The House will now rise and meet again at 3.

The Council adjourned for lunch at 2-5 P. M. and reassembled at 3P. M

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : സിവിൽകോടതികളിലെ വക്കീലന്മാർക്കു ക്ലിപ്തമായ ഒരു തുകയെ ഫീസായിവങ്ങാവുഎന്ന് ചട്ടത്തിൽവ്യവസ്ഥചെയ്തിട്ടുണ്ട്. കൂടികാഴ്ച തമ്മിലുള്ള പണം ഇടപാടുകളിൽ പലിശയെ സംബന്ധിച്ചിടത്തോളം ന്യായത്തിന് ഒന്ന് എന്നകണക്കിൽ കൂടുതൽ പാടില്ലെന്നും ചട്ടത്താൽ വ്യവസ്ഥചെയ്തിരിക്കുന്നു. ഇതു് ധനവാന്മാരെസംബന്ധിച്ചും സാധുക്കളെ സംബന്ധിച്ചും നടപ്പിലിരിക്കുന്നതാണ്. ഗവണ്മെൻറു് ശമ്പളംവാങ്ങിക്കുന്ന മെഡിക്കൽ ഉദ്യോഗസ്ഥന്മാരുടെ പടിയെപ്പറ്റിമാത്രം ചട്ടം ഒന്നും പാടില്ലെന്നു പറയുന്നു. ഉള്ളതു് ഉപയോഗിക്കുന്നമില്ല. ഗവണ്മെൻറു ശമ്പളമില്ലാത്ത വക്കീലന്മാർ ഇന്നഫീസെവാങ്ങാവു എന്ന് നിയന്ത്രിച്ചിരിക്കെ, ഗവണ്മെൻറു ശമ്പളമില്ലാത്ത കൂടികളുടെ പണമിടപാടുകളിൽ ഇന്ന പലിശയെ വാങ്ങാവു എന്ന് നിയന്ത്രിച്ചിരിക്കെ ദരിദ്രരായ രോഗികളെ ചികിത്സിക്കാൻ വാസസ്ഥലത്തു് ചെല്ലുന്ന ഡാക്ടർമാർക്ക് ഇന്നഫീസെവാങ്ങാവു എന്നു് നിയന്ത്രിക്കാതിരിക്കുന്നതു വളരെകഷ്ടമാണ്. ഒരാധാരവുമില്ലാത്ത സാധുജനങ്ങൾക്ക് കൊടുക്കാൻ നിവൃത്തിയില്ലാത്തതരത്തിൽ ഫീസ് ആവശ്യപ്പെടുകയും അതുകൊടുക്കാൻ സാധുക്കൾ വിഷമിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. മുമ്പു് ഒരു കാലത്തു് ഏർപ്പെടുത്തീട്ടുള്ള ഒരു വ്യവസ്ഥ രണ്ടര രൂപയാണ്. അതിനെ ഇപ്പോൾ മറന്നുകളഞ്ഞിരിക്കുന്നു. ഇപ്പോൾ അതു നടപ്പിലില്ല. സാധനങ്ങൾക്കു വിലകൂടുമ്പോൾ നാണയങ്ങളുടെ വില കുറഞ്ഞെന്നാണല്ലൊ അർത്ഥം. ഈ നിലയിൽ ഇപ്പോൾ രണ്ടര രൂപാ എന്നുള്ളതു കൂട്ടാവുന്നതാണ്. അതു് ഇരട്ടിയാക്കാം. ഈ വ്യവസ്ഥചെയ്താലും ധനവാന്മാർ കൂടുതൽ കൊടുക്കുന്നതാണ്. അങ്ങിനെ ഡാക്ടറന്മാർ വാങ്ങിക്കുകയും ചെയ്യും. വൈദ്യസഹായം ലഭിക്കാതെയുള്ള സാധുക്കളായ രോഗികളുടെ ഇന്നത്തെ അവസ്ഥക്കുപരിഹാരം ഉണ്ടാകുകയുംചെയ്യും സാധുവായഒരുത്തൻ രോഗം പിടിച്ചു് പരവശപ്പെട്ടു കിടക്കുന്നു. ആസ്പത്രിയിൽ കൊണ്ടുവന്നു കാണിക്കാൻ നിവൃത്തിയില്ല. രോഗിയുടെ ബന്ധുക്കളിൽ ഒരുത്തൻ ഡാക്ടരുടെ അടുത്തു ചെന്ന് നിങ്ങൾ വന്നുനോക്കണമെന്ന് ആവശ്യപ്പെടുന്നു. ഡാക്ടർ ആവശ്യപ്പെടുന്ന പടികൊടുക്കാൻ സാധിക്കാത്തതിനാൽ രോഗിയെപോയി നോക്കാത്തതു നിമിത്തം ആ രോഗിവൈദ്യസഹായം ലഭിക്കാതെ മരിക്കാൻ ഇടയാകുന്നു. ഈ സമ്പ്രദായത്തെ ഗവണ്മെൻറിൽ നിന്നും ഗാഢമായി ആലോചിച്ചു നിവൃത്തിവരുത്തണം. ടൌണുകളിൽ ഇതിനു വലിയ അസൗകര്യമില്ല. ധാരാളം പ്രൈവറ്റ് ചി-

LIBRARY ARCHIVES Kerala Legislative Assembly

[Mr. Tariatu Kunjitomman.]

കിത്സികന്മാരുണ്ട്. നാട്ടിൻ പുറങ്ങളിൽ അങ്ങനെയില്ല. അധികപണം കിട്ടുന്നരോഗികളെ ചികിത്സിക്കാൻ ഈ ഡാക്ടറന്മാർ പോകും. പണം കിട്ടാത്ത രോഗികളെ ചികിത്സിക്കുന്നതിനുമാത്രമായി പ്രൈവറ്റ ചികിത്സകന്മാർ ഒരുദിക്കൽ താമസിക്കയില്ല. ഉൾ നാടുകളിൽ സാധുക്കൾക്ക ഡാക്ടർമാരിൽ നിന്നുവേണ്ടസഹായം ലഭിക്കുന്നില്ല. പുറത്തു നിന്നു നേടാൻ നിവത്തിയുമില്ല. നാട്ടിൻപുറങ്ങളിൽ ഒരു വിധ വൈദ്യസഹായവും ലഭിക്കാതെ സാധുക്കൾ കഷ്ടപ്പെടുന്നു. ശമ്പളം വാങ്ങിക്കുന്ന ഡാക്ടറന്മാർ പ്രൈവറ്റ് ചികിത്സനടത്താൻ പാടില്ലെന്നുവ്യവസ്ഥ ചെയ്താലും തരക്കേടില്ല. എന്നാൽ പ്രൈവറ്റ്ഡാക്ടന്മാർ ധാരാളമുണ്ടാകും. അവക്ക് ചികിത്സയുമുണ്ടാകും. ഇപ്പോഴുള്ള ഡാക്ടർമാക്ക അവരുടെ ജൂറിസ്ഡിക്ഷൻക്ലിപ്തപ്പെടുത്തി അതിനകത്തു ഏതെങ്കിലും രോഗിയെ കാണാൻ പോകുന്നതിനു മൈൽ ഒന്നിനു ഇന്നപടി കൊടുക്കണമെന്ന വ്യവസ്ഥചെയ്യണം. ഡാക്ടറന്മാരുടെ സാമ്പത്തികനില വളരെ നല്ലതാണ്. മറു ഉദ്യോഗസ്ഥന്മാക്കും കിട്ടുന്നതിനെക്കാൾ കൂടുതൽ പണം കിട്ടുന്നുണ്ട്. വാങ്ങുകയുംചെയ്യാം. കുറെക്കാലം ഡാക്ടർജോലിയിൽ ഇരുന്നിട്ടുള്ള ഒരാളിന്റെ ധനം തിട്ടപ്പെടുത്തി നോക്കിയാൽ അതിന്റെ പരമാർത്ഥം അറിയാവുന്നതാണ്. അതിനാൽ പടിക്ലിപ്തപ്പെടുത്തിയാൽ അവക്ക ബുദ്ധിമുട്ടുണ്ടാകുമെന്നും യോഗ്യതയുള്ളവരെ കിട്ടുകയില്ലെന്നും ഗവർമെൻറിനു ഭയപ്പെടാനില്ല. അനേകം ഡാക്ടറന്മാർ ഉയർന്ന പരീക്ഷാവിജയികളും ഉദ്യോഗത്തിനായിട്ട് ഗവണ്മെൻറിനോട് അപേക്ഷിച്ചുകൊണ്ടിരിക്കുന്നു. ഡാക്ടർമാക്കൊരുപടി ക്ലിപ്തപ്പെടുത്തിയില്ലെങ്കിൽ സാധുക്കൾക്ക രക്ഷയില്ല. അതുകൊണ്ട് ഡാക്ടറന്മാക്ക് വീട്ടിൽപോയി രോഗികളെ നോക്കുന്നതിനു എന്തുപടി കൊടുക്കണമെന്ന് ഒരുവ്യവസ്ഥ ചെയ്ത് ആസ്പത്രികളിലും ഡിസ്പൻസറികളിലും പരസ്യപ്പെടുത്തണമെന്നുള്ള ഈ പ്രമേയത്തെകൗൺസിലിന്റെ സ്വീകരണത്തിനായിസമർപ്പിച്ചുകൊള്ളുന്നു.

DR. K. RAMAN TAMPI (*Inspecting Medical Officer*) : ഒരു മൈലിനു കണക്ക് വയ്ക്കണമെന്നാണൊ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : ദൂരമനുസരിച്ച് കണക്ക് വച്ചില്ലെങ്കിൽ ശരിയാകയില്ല.

DR. K. RAMAN TAMPI (*Inspecting Medical Officer*): ഒരു വിസിറ്റിനാണോ ക്ലിപ്തം വേണമെന്നു പറയുന്നത്?

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ദൂരമനുസരിച്ചു പടി ക്ലിപ്തപ്പെടുത്തേണ്ടതാണു്. മുമ്പു് ഒരു വിസിറ്ററിനാണു് രണ്ടരരൂപാ വച്ചുരുന്നതു്. മൈൽ കണക്കോ ഒരു വിസിറ്ററിനു് ഏതോ രണ്ടായാലും തരക്കേടില്ല. ഒരു വിസിറ്ററിനു രണ്ടരരൂപായൊ മൂന്നുരൂപയൊ ആക്കാം. വളരെ കൂട്ടലായാൽ വിഷമിക്കും. ഇങ്ങനെ ചെയ്യുന്നതുകൊണ്ടു് ഡാക്ടന്മാക്കു ഒരു ദോഷവുമില്ല. ഗവണ്മെൻറിനു നഷ്ടവുമില്ല. സാധുക്കൾക്കു സൌകര്യവുമായിരിക്കും. ഇങ്ങനെ ഒരു വ്യവസ്ഥയുണ്ടെങ്കിലും ധനവാൻ കൂട്ടൽ കൊടുക്കുകയും ചെയ്യും. അങ്ങിനെ കൊടുക്കുന്നതിൽ ധനവാന്മാക്കു് ഓരോരുത്തക്കും തമ്മിൽ മത്സരമാണു്. എന്റെ ചാർച്ചയിൽപെട്ട ഒരാളിനെ ചികിത്സിക്കാൻ വന്ന ഡാക്ടക്കു് ഒരു നല്ലതുക കൊടുക്കണമെന്നു് ഓരോരുത്തരും വിചാരിക്കുന്നു. ദരിദ്രന്മാരെ സംബന്ധിച്ചാണു വിഷമമുള്ളതു്. എങ്കിലും ആ സാധുക്കളുടെ കാളയൊ പശുവൊ വിറ്റോ വീടു പണയപ്പെടുത്തിയൊ ആദ്യരണങ്ങൾ പണയംവച്ചൊ ഡാക്ടറന്മാക്കു കൊടുക്കുന്നുണ്ടു്. അവ ജീവനെക്കാൾ വലുതല്ലെല്ലൊ. ധനവാന്മാരിൽനിന്നും പണംവാങ്ങുന്നതുകൊണ്ടു് അവക്കു കുഴപ്പമില്ല. ഒരു നിയമമുണ്ടാക്കുന്നതു നിയന്ത്രണത്തിനാണെല്ലൊ. പീനൽകോഡ് ഉണ്ടാക്കിയിരിക്കുന്നതു് മര്യാദക്കാരെ ബാധിക്കുന്നില്ല, മര്യാദയില്ലാത്തവരേയാണു്. അതുമാതിരി കൂട്ടൽ പടി വാങ്ങിക്കുന്നതിനാണു് നിയന്ത്രണം വേണമെന്നു ആവശ്യപ്പെടുന്നതു്. നല്ലവക്കു് അതുകൊണ്ടു ദോഷമില്ല. സാധുക്കളെ ദയവായി ചികിത്സിക്കുന്ന ഡാക്ടറന്മാരുമുണ്ടു്. അവക്കു് ഇതുകൊണ്ടു തരക്കേടുമില്ല. അല്ലാത്തവരെമാത്രമെ ഇതു ബാധിക്കുകയുള്ളു.

MR. N. K. KRISHNA PILLAI (*Neyyattinkara*): ഡാക്ടറന്മാരുടെ പടി മൈൽ കണക്കിനു വയ്ക്കുകയാണെങ്കിൽ പത്തു അറുപതു മൈൽ ദൂരം പോകേണ്ടിവരുന്ന എങ്കിൽ ധാരാളം രൂപാ കൊടുക്കേണ്ടിവരികയില്ലയൊ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ക്ലിപ്തപ്പെടുത്തി അങ്ങിനെ കൊടുക്കേണ്ടിവന്നാലും അതു് ഇപ്പോൾകൊടുക്കുന്നതിനെക്കാൾ കൂട്ടലാകയില്ല. ഒരു ഡാക്ടരുടെ ജൂറിസ്ഡിക്ഷൻ നൂറു മൈൽ ഒരിക്കലുമില്ല. ഇപ്പോൾ എത്ര കൂട്ടൽ വേണമെങ്കിലും ആവശ്യപ്പെടാം. ഇതുയെന്നു അതിരു വച്ചിട്ടില്ലല്ലോ. പക്ഷെ രൂപയേക്കാൾ കൂട്ടൽ ആയിക്കൊള്ളട്ടെ. ഒരു ക്ലിപ്തംവേണമെന്നു മാത്രമെ ഈ പ്രമേയംകൊണ്ടു ഞാൻ ആവശ്യപ്പെടുന്നുള്ളു.

LIBRARY ARCHIVES Kerala Legislative Assembly

MR. N. K. KRISHNA PILLAI (*Neyyattinkara*): മൈൽ ഒന്നിന രണ്ടര രൂപാ അല്ലെ വച്ചിരുന്നത്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): രണ്ടരരൂപാ വച്ചിരുന്നത് ഒരു മൈലിനല്ല. ഒരു വിസിറ്റിനാണ്. ഇപ്പോഴാകട്ടെ പത്തും മൈൽദൂരത്തിനിടക്കു ആശുപത്രികൾ ഉണ്ട്. അങ്ങിനെയല്ലാത്ത സ്ഥലങ്ങളും അപൂർവം ഉണ്ട്. അതു തൊടുപുഴതാലൂക്കിലാണ്. സാധാരണ പത്തു മൈൽ ദൂരത്തിരിക്കുന്ന രണ്ടാസ്പത്രികളുടെ മദ്ധ്യത്തിൽ ഏതെങ്കിലും സ്ഥലത്തുപോകുന്നതിനു ഈ മൈൽദൂരം വരെ വരാം. അതിനു എട്ടു രൂപാ കൊടുക്കണമെന്നുവച്ചാൽ കൂടുതലല്ല.

MR. A. THANU PILLAI (*Trivandrum*): ഒരു വിസിറ്റിനാണൊ ഇങ്ങനെ ആവശ്യപ്പെടുന്നത്?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): മൈലിനായാലും ഒരു കേസിനായാലും തരക്കേടില്ല. ദൂരം കണക്കാക്കി ഈ രൂപത്തിനു പ്രമേയം കൊണ്ടുവന്ന എന്നേയുള്ളു. അതിൽ ഗവൺമെൻറു ഗാഢമായി ആലോചിച്ചു ഒരു പദ്ധതി ഏർപ്പെടുത്തണമെന്നേ ഞാൻ ഉദ്ദേശിക്കുന്നുള്ളു.

MR. N. K. KRISHNA PILLAI (*Neyyattinkara*): I second the resolution.

MR. ITTOOP ITTEECHAN (*Kurnatnad*): സർ, മിസ്റ്റർ കുഞ്ഞിത്തൊമ്മന്റെ പ്രമേയത്തെ ഞാൻ ബഹുമായി പിൻതാങ്ങുന്നു. ഈ പ്രമേയത്തിന്റെ തത്വത്തെക്കുറിച്ചു നാനാമുഖമായി ഇവിടെ പ്രസ്താപിച്ചുകഴിഞ്ഞിരിക്കുന്നതുകൊണ്ടു് അതിൽകൂടുതലായി ഇവിടെ പറയേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഈ തിരുവനന്തപുരം പട്ടണത്തെപ്പറ്റി ആലോചിച്ചാൽ ഒരാൾ കൊടുക്കുന്ന ഏതൊരു തുകയുംകൊണ്ടു് ഒരു മെഡിക്കലാഫീസർക്കു തൃപ്തിപ്പെടാം. എന്തുകൊണ്ടെന്നാൽ ഒരാൾ അല്ലെങ്കിൽ മറ്റു ധാരാളം ആളുകൾ ഈ സ്ഥലത്തുണ്ടു് എന്നുള്ള സംഗതികൊണ്ടു് എന്തുകൊടുത്താലും തൃപ്തിപ്പെടാതെ നിവർത്തിയില്ല. എന്നാൽ മറ്റാരോ താലൂക്കുകളേയും നോക്കുകയാണെങ്കിൽ ഒരു സ്ഥലത്തു് ഒരു ആസ്പത്രിയും ഒരു ഡാക്ടറും കാണും. ആ ഡാക്ടറെ ഉപേക്ഷിച്ചിട്ടു മറ്റൊരു ഡാക്ടറെ അഭയം പ്രാപിക്കാൻ സാധിക്കുകയില്ല. ആ സ്ഥിതിക്കു ആ ഡാക്ടർ എന്തുപറയുന്നുവൊ അതിനു വഴിപ്പെടാതെ ധനവാനായാലും ദരിദ്രനായാലും മറ്റേതു സ്ഥിതിയിലുള്ളവനായാലും അതിനു വഴിപ്പെടാതെ നിവർത്തിയില്ല. ഇങ്ങിനെയുള്ള സങ്കടങ്ങളും ബുദ്ധിമുട്ടുകളും ജനങ്ങളുടെയിടയിലുണ്ടെന്നു് എനിക്കു ധാരാളം അറിയാം. ഒരി

LIBRARY ARCHIVES Kerala Legislative Assembly

ക്കൽ ഒരു ഡാക്ടരെ ഒരു പ്രസവക്കേസിനു വിളിച്ചുകൊണ്ടുപോയി. അദ്ദേഹം ഇപ്പോൾ ഇല്ല. കുറെ കാലത്തിനു മുമ്പാണു്. മുപ്പതൊ മുപ്പത്തഞ്ചൊ രൂപാ കരാർ ചെയ്തിട്ടാണു വിളിച്ചുകൊണ്ടുപോയതു്. അവിടെചെന്നു പ്രസവക്കേസ് നടത്തി. ഒരു കുട്ടിയെ എടുത്തു. ആ കേസിൽ രണ്ടു കുട്ടി ഉണ്ടായിരുന്നു. ഒരു കുട്ടിയെ സംബന്ധിച്ചാണു് അദ്ദേഹം കരാർ ചെയ്തിട്ടുള്ളതു്. അതനുസരിച്ചു് ഒരു കുട്ടിയെ എടുക്കയും ചെയ്തു. ഇനി മറേറകുട്ടിയെ എടുക്കണമെങ്കിൽ അതിനു വിശേഷാൽ ഫീസ് തന്നാൽ മാത്രമെ സാധിക്കുകയുള്ളു എന്നു ആ ഡാക്ടർ പറഞ്ഞു. ഇതു നിമിത്തം ആ കാലത്തു മരണം വന്നുപോയിരുന്നാലും ഇനിമേൽ ഇങ്ങിനെയുള്ളവരുടെ അടുക്കൽ പോകരുതു് എന്നു ഞാൻ തീർച്ചപ്പെടുത്തി. ഈ മാതിരിയുള്ള സംഗതികൾ ആ സ്ഥലങ്ങളിൽ നിവസിക്കുന്നവക്കല്ലാതെ ഇവിടെ ഈ കൌൺസിലിൽ ഇരിക്കുന്ന ഉദ്യോഗസ്ഥമെമ്പറന്മാക്കു് അറിയാവുന്നതല്ല. അതു ശരിയല്ലെന്നു പറയുന്നു എങ്കിൽ ടെണിന്റെ സ്ഥിതിക്കു ആ അഭിപ്രായം സമ്മതിക്കാമെന്നല്ലാതെ നാട്ടിൻപുറങ്ങളുടെ സ്ഥിതി ഞാൻ പറഞ്ഞ തരത്തിലാണു്. ഈ കൌൺസിലും ഗവൺമെൻറും ഈ സംഗതിയെപ്പററി ഗാഢമായി ആലോചിച്ചു് ഇതിലേക്കു ഒരു വ്യവസ്ഥ ചെയ്യാത്തപക്ഷം നാട്ടിൻപുറങ്ങളിലുള്ള സാധുക്കളുടെ കാര്യം വളരെ സങ്കടകരമായി തീരുന്നതാണു് എന്നു് അഭിപ്രായപ്പെട്ടുകൊണ്ടു ഞാൻ വിരമിച്ചുകൊള്ളുന്നു.

Dr. K. RAMAN TAMPI (*Inspecting Medical Officer*): Sir, Mr. Tariatu Kunjitomman first spoke about the travelling allowance to be paid to medical officers. He then spoke about medical fee also. Government cannot enforce a medical man to go to all places and attend on patients. Of course, Government medical men must treat all cases which come into the hospitals. It is for that that they are paid. But there is no law compelling a man to go and attend on a patient in his own house for a long time without receiving any remuneration. Mr. Kunjitomman was saying that some conveyance allowance may be paid to these officers. I may state that the question of fixing allowances or fee is a little difficult one. I find that even in British India there is no rate fixed for doctors when they go out to treat patients. Government, however, feel that poor people must be treated *gratis* and to avoid any sort of complaint on that score, they have already put up notice boards in all hospitals stating that medical and surgical attendance in all hospitals is free. In many places there are private practitioners also who will be available for the benefit of the public and I am sure private practitioners can be expected to attend on patients on reasonable remuneration. Mr. Ittoop Itteechan said that some doctors demand enormous fees. As a rule medical men realise that their main duty is to serve the poor and that their talents should be utilised in the best way possible. But there may be exceptions to every rule.

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): ഇപ്രകാരം കൂടുതൽ ഫീസ് ആവശ്യപ്പെട്ടിട്ടുള്ളതായി ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസറുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

DR. K. RAMAN TAMPI (*Inspecting Medical Officer*): It has not come to my notice at all.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): അങ്ങിനെ വരുന്നതായാൽ എന്തുചെയ്യും ?

DR. K. RAMAN TAMPI (*Inspecting Medical Officer*): Of course, I shall enquire into cases where people refuse treatment on account of enhancement of fees.

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): If they are found will they be punished ?

DR. K. RAMAN TAMPI (*Inspecting Medical Officer*): Certainly.

MR. V. J. OOMMEN (*Commerce and Industry, North*): ഇൻസ്പെക്ടിംഗ് മെഡിക്കൽ ആഫീസർ ചാർജ് എടുത്തശേഷം ഫീസ് കൂടുതൽ ആവശ്യപ്പെട്ടതായി വല്ല പരാതിയും കിട്ടിയിട്ടുണ്ടോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): അങ്ങിനെ കൂടുതൽ ആവശ്യപ്പെട്ടതായി പരാതി വന്നിട്ടില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): എത്ര രൂപായിൽ കൂടുതൽ മേടിച്ചാലാണ് ആ തുക കൂടുതൽ എന്ന് ഗണിച്ചു ശിക്ഷിക്കേണ്ടതു് ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ഒരാളിന് കൊടുക്കാൻ നിവർത്തിയില്ലാത്ത തുകയാണ്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങിനെ ഒരാളിനു കൊടുക്കാൻ നിവർത്തിയില്ലാത്തതു് എന്നു പറയുന്ന തുക എത്രയാണ്? അയ്യായിരമോ അറായിരമോ രൂപായാണോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): എത്ര രൂപാ കൂടുതൽ ചോദിച്ചുവോ അതുയും കൂടുതലാണ്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഇത്ര രൂപാവരെ ചോദിച്ചാൽ അതു ന്യായമായ ഫീസായിരിക്കുമെന്നുള്ളതിനു വല്ല വ്യവസ്ഥയും വെച്ചിട്ടു വേണ്ടേ കൂടുതലും കുറവും നിശ്ചയിക്കാൻ ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ആ കാര്യത്തെപ്പറ്റി ഗവൺമെൻറ് ആലോചിക്കുന്നതായിരിക്കും.

MR. R. KESAVA PILLAI (*Kottarakara* cum *Kunnattur*): തുക കൂടുതൽ വാങ്ങിക്കുന്നതു് ആളിൻറെ സ്ഥിതി അനുസരിച്ചാണോ?

LIBRARY ARCHIVES Kerala Legislative Assembly

DR. K. RAMAN TAMPI (*Inspecting Medical Officer*): Different cases require different treatment.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഫീസ് അധികം ആവശ്യപ്പെട്ടിട്ടുള്ളതായി ഇതേവരെ പരാതി വന്നിട്ടില്ലെന്നും അങ്ങിനെയുണ്ടെങ്കിൽ ശിക്ഷിക്കുമെന്നും പറഞ്ഞു. ഇത്ര രൂപാ കൂടുതൽ ആവശ്യപ്പെട്ടിട്ടുണ്ടെന്നു തെളിയിച്ചാൽ ശിക്ഷിക്കാമെന്നാണോ ഇതിൽനിന്നും ധരിക്കേണ്ടതു്?

DR. K. RAMAN TAMPI (*Inspecting Medical Officer*): That will depend upon individual cases. If it is brought to our notice, we will try to rectify it. There was one instance which was brought to our notice in which the fee charged was exceptionally heavy. We went into the case and we fixed a lower rate.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഏതു തുകയനുസരിച്ചാണ് അതു കൂടുതലെന്നു നിർണ്ണയിക്കേണ്ടതു്?

DR. K. RAMAN TAMPI (*Inspecting Medical Officer*): കൂടുതൽ കൊടുക്കുന്നതിനെ കൂടുതലാണെന്നു പറയണം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഗവൺമെൻറിൽനിന്നും ക്ലിപ്തമായ ഒരു തോതു് ഉണ്ടാക്കിയില്ലെങ്കിൽ അവക്കു് എത്ര കൊടുത്താലും മതിയാകുകയില്ല. ഒരു സംഗതിയിൽ ആയിരം രൂപാ അധികമല്ല, വേറെ ഒരു സംഗതിയിൽ അഞ്ചുരൂപാ അധികമാണ് എന്നു നിർണ്ണയിക്കുന്നതു പ്രയാസമാണു്. ഈ സംഗതിയിൽ ക്ലിപ്തമായ ഒരു വ്യവസ്ഥ ഉണ്ടാക്കാമെന്നാണ് പറയുന്നതു്.

DR. K. RAMAN TAMPI (*Inspecting Medical Officer*); Government will consider the question and try to do the needful.

MR. MURUVELIL PACHU PILLAI (*Shertallai*): ഒരു ഡാക്ടരോടു് വാസസ്ഥലത്തുചെന്നു ചികിത്സ നടത്തണമെന്നു ആവശ്യപ്പെട്ടാൽ ആ ഡാക്ടരുടെ യുക്തംപോലെ ആ വാസസ്ഥലത്തു പോകുന്നതിനോ പോകാതിരിക്കുന്നതിനോ ആ ഡാക്ടക്കു് സ്വാതന്ത്ര്യമുണ്ടോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ഡാക്ടറെവിളിച്ചാൽ സാധാരണ പോകുന്നു എന്നാണു് എന്റെ അറിവു്.

MR. MURUVELIL PACHU PILLAI (*Shertallai*): വിളിച്ചാൽപോയെതീരു എന്നു് നിർബന്ധമുണ്ടോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): വിളിച്ചാൽ പോകും.

MR. MURUVELIL PACHU PILLAI (*Shertallai*): അങ്ങിനെ പോകണമെന്നു് നിർബന്ധമുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

DR. K. RAMAN TAMPI (*Inspecting Medical Officer*) : അങ്ങിനെ നിർബന്ധമില്ല.

MR. MURUVELIL PACHU PILLAI (*Shertallai*) : അങ്ങിനെ പോകാൻ മനസുവരുന്നതു് ചിലഡാക്ടറന്മാരെസംബന്ധിച്ചു് കൊടുക്കുന്ന തുകയുടെ കുടുതൽകുറവനുസരിച്ചാണെന്നു് അറിയാമോ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ചിലഡാക്ടറന്മാർഅങ്ങിനെയായിരിക്കും. സാധാരണയായി അങ്ങിനെയില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : പ്രസവക്കേസ്, മുണ്ടമാണിയ, മുതലായവ കൊണ്ടുവന്നുകാണിക്കാൻനിവത്തിയില്ലാത്ത രോഗങ്ങളെ ഡാക്ടർ രോഗിയുടെ വാസസ്ഥലത്തു ചെന്നു് ചികിത്സിക്കണമെന്നു് ചട്ടത്താൽ നിർബന്ധിക്കുന്നില്ലെ.?

DR. K. RAMAN TAMPI (*Inspecting Medical Officer*) : അവയ്ക്കു് പോയെതീരു എന്നു് ചട്ടമില്ല. എങ്കിലും അങ്ങിനെ പോകാതിരിക്കുന്നില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : അങ്ങനെ എടുത്തുകൊണ്ടുവരാൻ പാടില്ലാത്ത രോഗികളെ വന്നുനോക്കണമെന്നു് ആവശ്യപ്പെട്ടാൽ പോയിനോക്കണമെന്നു് ഗവണ്മെൻറിൽനിന്നൊ അല്ലെങ്കിൽ ഡിപ്പാർട്ടുമെൻറിൽനിന്നൊ ഏതെങ്കിലും നിർബന്ധം വച്ചിട്ടുണ്ടൊ? ചട്ടമൊ വകുപ്പൊ ഏതെങ്കിലുംതരത്തിലുള്ള നിർബന്ധമുണ്ടൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : നിർബന്ധമുണ്ടു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതിലേക്കു ഇന്ന തുക കൊടുക്കണമെന്ന വല്ലവ്യവസ്ഥയുമുണ്ടൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : അതിനെ ഇതുവരെ ക്ലിപ്തപ്പെടുത്തിയിട്ടില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : അതുകൊണ്ടു് ആവശ്യപ്പെട്ടിട്ടുള്ള തുകതന്നാലല്ലാതെ വരികയില്ലെന്നു പറഞ്ഞു ഒഴിഞ്ഞുകളയാൻ സാധിക്കുകയില്ലെ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ഇന്നതുക തന്നില്ലെങ്കിൽ പോകുകയില്ലെന്നു് പറയാൻ പാടില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഒരു ക്ലിപ്തത വയ്ക്കാതിരിക്കുന്നകാലത്തോളം തുകവേണ്ടിടത്തോളം തന്നില്ലെങ്കിൽ വരികയില്ലെന്നു് പറഞ്ഞു ഒഴിയാൻ പാടില്ലാത്തതു് എന്തുകൊണ്ടാണു്?

LIBRARY ARCHIVES Kerala Legislative Assembly

Dr. K. RAMAN TAMPI (*Inspecting Medical Officer*) : തുകയെ സംബന്ധിച്ച കാരണത്താൽ ഒഴിയാൻപാടില്ല.

Mr. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : അങ്ങിനെ രൂളുണ്ടോ?

Dr. K. RAMAN TAMPI (*Inspecting Medical Officer*): ഓരോഡോക്ടറന്മാർ ഇന്നയിന്നസംഗതികൾ ചെയ്യണമെന്ന രൂൾസുണ്ട്. ഇതു് അതിലൊന്നാണു്.

Mr. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : അങ്ങിനെ എപ്പോവരും നല്ല തുക കിട്ടിയാലും കിട്ടിയില്ലെങ്കിലും പോകണമെന്നാണൊ?

Dr. K. RAMAN TAMPI (*Inspecting Medical Officer*): അത്യാവശ്യഅവസരങ്ങളിൽ തുകയെ ഗൗനിക്കരുതെന്നാണു് പറഞ്ഞതു്. അതു് അവരുടെ കടമയാണു്

Mr. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : ഇന്നതു് അത്യാസന്നമല്ലാ, ഇന്നതു് അത്യാസന്നമാണു്, എന്നിങ്ങനെയുള്ള സംഗതികളെ അനുസരിച്ചാണൊ പോകുന്നതു്?

Dr. K. RAMAN TAMPI (*Inspecting Medical Officer*): അതു രോഗത്തിന്റെ സ്വഭാവത്തെ ആശ്രയിച്ചിരിക്കും.

Mr. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : മുമ്പിലത്തെ രണ്ടരരൂപാ രീതി ഏർപ്പെടുത്തിയതു് ഏതുചട്ടത്തെ അനുസരിച്ചാണു്?

Dr. K. RAMAN TAMPI (*Inspecting Medical Officer*): അതു് മുപ്പതു വർഷത്തിനുമുമ്പുള്ളതാണു്. എന്തിനെ ആസ്പദമാക്കിയാണു് ചെയ്തിട്ടുള്ളതെന്നു നിശ്ചയമില്ല.

Mr. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അതുപിന്നെ ആരിൽനിന്നുമാണു് അറിയേണ്ടതു്. ലാമെമ്പറിൽനിന്നുമൊ? ഇപ്പോഴുള്ള വ്യവസ്ഥകളും ചട്ടങ്ങളും അറിയുന്നതിനു് ഈ ഡിപ്പാർട്ടുമെന്റു് അധ്യക്ഷനിൽനിന്നുമല്ലാതെ മറുവല്ലവരിൽനിന്നും അന്വേഷിച്ചറിയാൻ മാർഗ്ഗമുണ്ടോ? ഡിപ്പാർട്ടുമെന്റിലെ ചട്ടങ്ങൾ അറിയണമെന്നു് ആവശ്യപ്പെടുന്ന ഒരു പൗരൻ അവ എവിടെനിന്നുമാണു് അറിയേണ്ടതു്?

Dr. K. RAMAN TAMPI (*Inspecting Medical Officer*) : ചട്ടം ഉണ്ടായിട്ടുണ്ടു് എന്നു പറഞ്ഞില്ലെ?

Mr. TARIATU KUNJITOMMAN (*Muvattupuzha cum Todupzhua*) : ആ ചട്ടം എവിടെ എന്നു അറിഞ്ഞുകൂടാ, അല്ലെ?

LIBRARY ARCHIVES Kerala Legislative Assembly

DR. K. RAMAN TAMPI (*Inspecting Medical Officer*): അതിനെപ്പറ്റി അന്വേഷിച്ചുപറയാം.

MR. MATTHEW MURIKKAN (*Vaikam*): Before the learned doctor resumes his seat, I wish to ask him a question. Mr. Tariatu Kunjitomman referred to a rule passed during the time of Dewan Mr. Sankara-subba Aiyar regarding the levy of Rs. 2½ by medical men for each visit. Is there any such rule now?

DR. K. RAMAN TAMPI (*Inspecting Medical Officer*): At that time there were few medical graduates. There were only apothecaries.

MR. MATTHEW MURIKKAN (*Vaikam*): Is there any such rule now?

DR. K. RAMAN TAMPI (*Inspecting Medical Officer*): It is not enforced now.

MR. MATTHEW MURIKKAN (*Vaikam*): May I know when that rule was cancelled.

DR. K. RAMAN TAMPI (*Inspecting Medical Officer*): I do not know when that was cancelled. It is an old rule dated 1898. At that time the fees were Rs. 3, 2 and 1. The lowest rate was Re. 1 per visit.

MR. MATTHEW MURIKKAN (*Vaikam*): Does the learned member tell me that he is not aware of the rules?

DR. K. RAMAN TAMPI (*Inspecting Medical Officer*): I know that there was a rule. But I do not know when that was cancelled or whether that rule is still in existence. It is 30 years old.

MR. P. S. MAHOMED (*Nominated*): തിരുവിതാംകൂറിൽ നടപ്പിലിരിക്കുന്ന ഡിപ്പാർട്ടുമെൻറുകളിൽ യാതൊരു വിധത്തിലും ഗവണ്മെൻറിനു വരവില്ലാതെ ചിലവുമാത്രം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ഡിപ്പാർട്ടുമെൻറുണ്ടെങ്കിൽ അതു മെഡിക്കൽ ഡിപ്പാർട്ടുമെൻറാണെന്ന് എല്ലാവർക്കും അറിയാവുന്നതാണ്.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): കച്ചയിനാ വില്ക്കുന്നതിൽ വരവുണ്ടെന്ന് മെമ്പറിന് അറിയാമൊ?

MR. P. S. MAHOMED (*Nominated*): കച്ചയിനാ അത്രധാരാളം ആവശ്യമുണ്ടെന്ന് തോന്നുന്നില്ല.

MR. MURUVELIL PACHU PILLAI (*Sheriallai*): ഒഴിഞ്ഞകുപ്പികളും മറ്റും ഏലലംചെയ്ത് ആ ഇനത്തിൽ വരവുണ്ടെന്ന് അറിയാമൊ?

MR. P. S. MAHOMED (*Nominated*): അങ്ങിനെ ഒരുവരവുണ്ടെന്നു സമ്മതിക്കാമെങ്കിലും അവയൊക്കെ വരവിനമായി ഞാൻ കണക്കാക്കീട്ടില്ല.

ഇങ്ങിനെ ഗണ്യമായ സംഖ്യചിലവു ചെയ്ത് പലസ്ഥലങ്ങളിലും ആസ്പത്രിസ്ഥാപിച്ച് അവിടെ ഡാക്ടറന്മാരേയും നിയമിച്ച് വേണ്ട കാര്യങ്ങൾ ചെയ്തിരിക്കുന്നതുനിമിത്തം ഗവണ്മെൻറ് ജനങ്ങളുടെ ജീവനെ സംബന്ധിച്ച് പ്രത്യേകമായ ഒരു വിലകല്പിച്ചിരിക്കുന്നു എന്നും അവരു

LIBRARY ARCHIVES Kerala Legislative Assembly

ടെ ദുഃഖത്തിൽ എന്തൊസഹതാപം ഉണ്ടെന്നും ഗണിക്കാവുന്നതാണ്. ഈഡിപ്പാട്ട്മെൻറിനെ പൊതുവെനോക്കുകയാണെങ്കിൽ മെഡിക്കൽ ഭരണം ആളിനെ അനുസരിച്ച് പ്രവർത്തിക്കുന്നുഎന്നു് ഇവിടെയിരിക്കുന്ന മെമ്പറന്മാരോട് പറഞ്ഞാൽ അതു് ഒരുപരമാർത്ഥമല്ലാതെ മറെറാന്നുമല്ല. ഈ ഡിപ്പാട്ട്മെൻറിൽ ഡാക്ടർ എന്നുള്ളനിലയിലിരിക്കുന്ന ആളുകൾ മനുഷ്യസാധാരണമായിട്ടുള്ള നിലയെമാറി വച്ചിട്ട് വളരെ മൂർഖന്മാരായിട്ടാണിരിക്കുന്നതു്. അവർക്ക് മനുഷ്യരുടെ നേരെ നോക്കി സംസാരിക്കുന്നതിനു ക്ഷമിമനസ്സില്ല. അവരിൽ ഓരോരുത്തന്റെ സ്ഥിതിഅനുസരിച്ച കഠിനഹൃദയത്തോടുകൂടിയിരിക്കുന്നു. സാധുക്കളോട് ഇവർക്ക് ഒരുവിധകരുണയും കാണുന്നില്ല. അവർക്കുഒരുഡാക്ടരുടെഅടുക്കൽ അടുക്കാനും നിവർത്തിയില്ല. എന്നാൽ ഈ കൌൺസിലിലിരിക്കുന്ന മെമ്പറെസംബന്ധിച്ച് വ്യത്യസ്തമാണു്. മറാള്ളുകളുടെ നിലവേറെയാണു് ഇവരെ സംബന്ധിച്ച് പരാതിപ്പെടുന്നതിനും ജനങ്ങൾവളരെഭയപ്പെടുന്നു. കാരണം എപ്പോഴാണു് അവരുടെ ജീവനു ആപത്തു വരുന്നതെന്നു അറിഞ്ഞുകൂടാ. അതുകൊണ്ടുതന്നെ അവർക്ക് എപ്പോഴാണു് ഒരുസുഖക്കേടു വരുന്നതെന്നു അറിഞ്ഞു കൂടാ. അതിനാൽ അവരെപ്പററി പരാതിഅയക്കുന്നതിനു സാധ്യമല്ല, അതിനുള്ള ധൈര്യവുമില്ല.

MR. A. THANU PILLAI (*Trivandrum*): ഇതു് ഈ ജാതിക്കാർക്കുള്ള ഒരു പ്രത്യേകം ദോഷമാണൊ?

MR. P. S. MAHOMED (*Nominated*): അതെ. മിക്കവാറും അവരിലാണു് ഈ ദോഷം അധികം കാണുന്നതു്. ഇവരെ സംബന്ധിച്ച് ഈമാതിരിയുള്ള പ്രവർത്തികൾ വരുമ്പോൾ ജനങ്ങൾ അവിടവിടെ കൂടി സംസാരിക്കുക സാധാരണമാണു്. അവരെ സംബന്ധിച്ച് ജനങ്ങളുടെയിടയിൽ സംസാരമുണ്ടാകുന്നുണ്ടു്. അവരെ സംബന്ധിച്ച പരാതി ചിലസ്ഥാനങ്ങളിൽ എത്തുകയും ചെയ്യുന്നുണ്ടു്. അതിനെ ഈ ഡാക്ടറന്മാർ കേൾക്കുകയും ചെയ്യുന്നുണ്ടു്. അങ്ങിനെയുള്ള സ്ഥാനങ്ങളിലുള്ളവർ ഞങ്ങൾ എന്തു ചെയ്യും എന്നു പറയുന്നതും ധാരാളം കേട്ടിട്ടും ഉണ്ടു്.

MR. H. B. MAHOMED ROWTHER (*Pattanapuram cum Shencotta*): ഇങ്ങിനെയുള്ള ഡാക്ടറന്മാർ അലപ്പുഴയുണ്ടൊ?

MR. P. S. MAHOMED (*Nominated*): ഇതു് എന്റെ സ്നേഹിതൻ മിസ്റ്റർ രാമൻപിള്ളക്കു് പററിയ ഉപദ്രവം പോലെ എനിക്കും ഏല്പിക്കുന്നതിനു ശ്രമിക്കയാണു്.

അങ്ങിനെ ഉണ്ടായിരിക്കും. അതിനാൽ ശമ്പളം വാങ്ങിക്കുന്ന ഡാക്ടറന്മാർ പ്രൈവററ് ചികിത്സക്കു പോകരുതെന്നു ഒരു നിർബന്ധം

LIBRARY ARCHIVES Kerala Legislative Assembly

[Mr. P. S. Mahomed.]

വയ്ക്കണം. അങ്ങിനെയായാൽ ആസ്പത്രിയിൽ പോയാലെങ്കിലും രക്ഷകിട്ടുമെന്ന വിശ്വസിക്കാം. വെളിയിൽ പണം കിട്ടാൻ സൗകര്യമുണ്ടെങ്കിൽ ആസ്പത്രിയിൽ പോകുന്നവക്ക് കഷ്ടകാലമാണ്. ആസ്പത്രിയിൽ പോകുന്നതു സാധുക്കളാണ്. വെറും ഒരു സാധു ആസ്പത്രിയിൽ പോകുകയാണെങ്കിൽ ഡാക്ടരുടെ ദൃഷ്ടി അവനിൽ പതിയുകയില്ല. അതുകൊണ്ട് ഡാക്ടറന്മാർ വെളിയിൽ പോകാൻ പാടില്ലെന്നു നിർബന്ധിക്കുകയാണെങ്കിൽ ആസ്പത്രിയിൽ എല്ലാവരും പോകും. പണത്തിന്റെ ആഗ്രഹം കൊണ്ടാണെല്ലാ വെളിയിൽ ചികിത്സക്കു പോകുന്നതു്.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഈ പ്രമേയം ഡാക്ടറുടെ ഫീസിനെപ്പറ്റി നിർണ്ണയിക്കണമെന്നോ അതല്ല ഡാക്ടരുടെ മൈലേജിന് നോട്ടീസ് ബോഡ് ഇടണമെന്നോ?

MR. P. S. MAHOMED (*Nominated*): ഡാക്ടറുടെ ഫീസ് നിർണ്ണയപ്പെടുത്തുന്നതിന് ബോഡ് ഇടണമെന്നാണ്. അതിൽ മൈലേജും കൂടി കാണിക്കണം.

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*): ഫീസിനു രൂപസില്ലെല്ലോ.

MR. P. S. MAHOMED (*Nominated*): ഫീസ് നിർണ്ണയിക്കാൻ പ്രയാസമില്ലെല്ലോ?

MR. KAYALAM PARAMESVARAN PILLAI (*Additional Head Sirkar Vakil*) ഫീസും എട്ടും പത്തും മൈലിന് മൈലേജും കൊടുക്കാൻ പ്രയാസപ്പെടുകയില്ലയൊ?

MR. N. K. KRISHNA PILLAI (*Neyyattinkara*): ഫീസുകൂടി ഉൾപ്പെടുത്തിയാണ മൈലേജ് നിശ്ചയിച്ചിരിക്കുന്നതെന്ന് അറിഞ്ഞുകൂടെ?

MR. P. S. MAHOMED (*Nominated*): മൈലേജ് കൂടി ഉൾപ്പെടുത്തിവേണം ഫീസ് നിശ്ചയിക്കാൻ. എങ്കിലും ഫീസ് തനിച്ചായിരുന്നാൽ കൊള്ളാം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഡാക്ടർവാസസ്ഥലത്തു പോകുന്നതിന്, കൊടുക്കേണ്ടസംഖ്യ ക്ലിപ്തപ്പെടുത്തണമെന്നല്ലാതെ വേറെ വല്ലതും കൊടുക്കണമെന്ന് ഈ പ്രമേയത്തിൽ ഉദ്ദേശിച്ചിട്ടുണ്ടോ?

MR. P. S. MAHOMED (*Nominated*): വേറെ ഒന്നുപറഞ്ഞിട്ടില്ല. കൂടുതൽ ശമ്പളം കൊടുക്കുന്ന എങ്കിൽ അവക്ക് വെളിയിൽപോകാൻ എന്താണ് അവകാശം. അതിന് യോഗ്യന്മാരായ പ്രൈവറ്റ് ഡാക്ടറന്മാർ ധാരാളമുണ്ട്. ഓരോസ്ഥലങ്ങളിലും പോയി അവർപ്രാക്റ്റീസ്

LIBRARY ARCHIVES Kerala Legislative Assembly

ചെയ്യും. ആസ്പത്രിഡാക്ടറന്മാർ അവിടെ പോകുന്നതുകൊണ്ട് പ്രൈവറ് ഡാക്ടറന്മാർ സാധുക്കൾ താമസിക്കുന്നസ്ഥലങ്ങളിൽ പോയി താമസിക്കുകയില്ല. അതുകൊണ്ട് ഒന്നുകിൽ ശമ്പളമുള്ള ഡാക്ടറന്മാർ വെളിയിൽ പോയിചികിത്സിക്കരുത്; അങ്ങിനെ പോകുകയാണെങ്കിൽ അവർ ഇന്ന സംഖ്യയിൽ കൂടുതൽ വാങ്ങിക്കാൻ പാടില്ല എന്ന് നിർബന്ധം വയ്ക്കണമെന്ന അഭിപ്രായത്തെ ഞാൻ പിൻതാങ്ങുന്നു.

MR. K. GEORGE (*Chief Secretary to Government*): Sir, the motive that lies behind this resolution is a very praiseworthy one. Mr. Kunjitomman wants to regulate the conduct of a certain class of people who are in human in their dealings with the sick. It is easy enough to say that a certain rate of fee must be fixed. If Mr. Kunjitomman's idea is carried it would not help very much, on the other hand my fear is that it will make matters very much worse and will defeat its own object.

Mr. Kunjitomman wants to regulate the conduct of certain black-sheep in the Medical Department. How is it possible unless the men themselves improve? Can he make a doctor go to the residence of a poor man and prescribe good medicine? It depends upon the doctor's goodwill and good-conscience. Suppose there is a rule that a doctor shall be paid only Rs. 2. A man goes and calls him, and the doctor demands a little more fee or an exorbitant fee. The man points out, "your fee is only two rupees, I cannot pay more". The doctor says "all right, I will come." He goes, examines the patient and prescribes *aqua*. Can you prevent that? Or suppose there is a delivery case. He goes and attends on the patient. The fee prescribed is only Rs. 5. He asks for more. But they would not give him more. Then he goes and pulls out the child and both the mother and the child die in the operation. You cannot prevent that. So, Dr. Tampi is right in saying that the whole thing depends upon the good conscience and the professional morality of the men themselves.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): എനിക്കു ഇംഗ്ലീഷ് അറിഞ്ഞുകൂടാത്തതുകൊണ്ട് മലയാളത്തിൽ സംസാരിച്ചാൽ കൊള്ളാം.

PRESIDENT: (Addressing Mr. George) കഴിയുന്നിടത്തോളം മലയാളത്തിൽ സംസാരിക്കുക.

MR. K. GEORGE (*Chief Secretary to Government*): ഈ പ്രമേയമനുസരിച്ചു മിസ്റ്റർ കുഞ്ഞിത്തൊമ്മൻ ഉദ്ദേശിക്കുന്ന കാര്യം സാധിക്കുകയില്ല എന്നാണ് എന്റെ അഭിപ്രായം. കൊള്ളരുതാത്ത ചില ഡാക്ടറന്മാർ സാധുക്കളിൽ നിന്നും അന്യായമായ ഫീസ് വാങ്ങിക്കുന്നു എന്ന കാരണത്താൽ ഗവണ്മെന്റു ഡാക്ടറുടെമെലേലും ഫീസും നിശ്ചയിച്ചു എന്നു വിചാരിക്കുക. അപ്പോൾ ഒരാൾവന്നു ഡാക്ടറെ വിളിക്കുന്നു. എനിക്കു

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. George.]

ഒരു കേസുണ്ട് വന്നു നോക്കണമെന്നു പറയുന്നു. ആ ഡാക്ടർ പത്തുരൂപ ചോദിച്ചു. "ന്യായമായ ഫീസ് രണ്ടു രൂപായെ ഉള്ളു, അതു തരാം കൂടുതൽ ഒന്നും തരികയില്ല" എന്നു വന്ന ആൾ പറയുന്നു. രോഗം നിർബന്ധമാകകൊണ്ടു ഡാക്ടർ ക്രൂടെ പോകുന്നു. ചെന്നശേഷം രോഗിക്കു തക്കതായ മരുന്നു കൊടുക്കണമെന്നു രോഗിയുടെ ആളിനു നിർബന്ധിക്കാൻ സാധിക്കുമോ? ആ ഡാക്ടർ നല്ല ആളല്ലെന്നും വിചാരിക്കണം. ഈ സ്ഥിതിയിൽ ഫീസ് നിയന്ത്രിച്ചാൽ ഫലമെന്താണു. ആ നിയന്ത്രണം കടലാസിൽ കിടക്കുക മാത്രമെ ചെയ്കയുള്ളു.

MR. V. J. OOMMEN (*Commerce and Industry, North*): അങ്ങിനെയുള്ള ആളുകളെ നിയന്ത്രിക്കാനല്ലെ മേലുദ്യോഗസ്ഥന്മാരെ വച്ചിരിക്കുന്നതു്?

MR. K. GEORGE (*Chief Secretary to Government*): അതെ. എന്നാൽ ആ ഡാക്ടർ നല്ല മരുന്നു കൊടുത്തു ചികിത്സിച്ചിട്ടുണ്ടു എന്നു സമാധാനം പറയും.

MR. V. J. OOMMEN (*Commerce and Industry, North*): ഡാക്ടറുടെ മരുന്നു ഫലപ്പെട്ട ശേഷം രോഗി ഫീസ് കൊടുത്താൽമതി.

MR. K. GEORGE (*Chief Secretary to Government*): അതു ന്യായമായിരിക്കയില്ല.

ഇങ്ങിനെയിരിക്കുന്ന സ്ഥിതിക്കു ഫീസിനു ക്ലിപ്തതവയ്ക്കുന്നു എങ്കിൽ അതു കടലാസിൽ കിടക്കുകയെ ഉള്ളു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ആ സ്ഥിതിക്കു ഇങ്ങിനെ ഒരു ക്ലിപ്തം വരുത്തുന്നതുകൊണ്ടു കൂടുതൽ ദോഷമൊന്നും ആക്കം വരുവാനില്ലല്ലൊ.

MR. K. GEORGE (*Chief Secretary to Government*): തുക അന്യായമാണെന്നു അനുമാനിക്കുന്നതെങ്ങിനെ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അധികതുക സാധുക്കളോടാവശ്യപ്പെടുന്നതുകൊണ്ടു്.

MR. K. GEORGE (*Chief Secretary to Government*): കൂടുതൽ ദോഷമാണു്. ജനങ്ങൾക്കു കൂടുതൽ വിഷമമാണുണ്ടാകാനിടയുള്ളതു്.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതുകൊണ്ട് എല്ലാവരും വലിയതുക കൊടുത്തു കൊള്ളണമെന്നാണൊ പറയുന്നത്?

MR. K. GEORGE (*Chief Secretary to Government*): വ്യവസ്ഥ ഇരുന്നാലും ഇരുന്നില്ലെങ്കിലും കേസുകളുടെ വിഷമം കണ്ട് ആവശ്യപ്പെട്ടതുക കൊടുത്തുപോകുന്നതിനു ജനങ്ങൾ നിർബന്ധിതരായിതീരുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതിനും ഒരു വ്യവസ്ഥ ഉണ്ടായിരുന്നാൽ തരക്കേടില്ലല്ലോ.

MR. K. GEORGE (*Chief Secretary to Government*): അവക്കു വിഷമം ഉണ്ടാക്കിയാൽ അവർ തൃപ്തിയോടു കൂടിയോ മനസോടുകൂടിയോ പ്രവത്തിക്കുകയില്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വ്യവസ്ഥ ഇരിക്കുമ്പോൾ ആ വ്യവസ്ഥ അനുസരിച്ചും അല്പം കൂടുതലായും തുക കൊടുത്താൽ അവക്കു തൃപ്തിഉണ്ടാകാൻ എളുപ്പമില്ലെ?

MR. K. GEORGE (*Chief Secretary to Government*): ഇവിടെ സാധുക്കളുടെ കാര്യമല്ലെ പറയുന്നത്?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): വളരെ ഔദാര്യവാന്മാരായ ധനവാന്മാക്കു കൂടുതൽ കൊടുക്കുന്നതിനു ഈ വ്യവസ്ഥ ബാധകമായിരിക്കുകയില്ലെല്ലോ.

MR. K. GEORGE (*Chief Secretary to Government*): ഒരു വ്യവസ്ഥ ഉണ്ടാക്കിയാൽ അതുകൊണ്ട് എന്തെങ്കിലും പ്രയോജനം വേണം. ആ വ്യവസ്ഥയെ അനുസരിപ്പിക്കുന്നതെങ്ങിനെ? ഗവണ്മെൻറിനും പബ്ലിക്കിനും സൌകര്യമില്ലാതാകുകയാണെങ്കിൽ ആ വ്യവസ്ഥകൊണ്ടു എന്താണ് പ്രയോജനം?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അങ്ങിനെയുള്ള വ്യവസ്ഥകൊണ്ടു പ്രയോജനമുണ്ടാകുമെന്ന ജനഭാഗത്തു നിന്നു പറയുമ്പോൾ അതനുസരിച്ചു അനുവദിക്കുകയല്ലെ നല്ലത്?

MR. K. GEORGE (*Chief Secretary to Government*): ഞാൻ ഇതിനെ സംബന്ധിച്ചു് എന്റെ അഭിപ്രായം പറയുന്നു എന്നേയുള്ളൂ. ഇങ്ങിനെയുള്ള സംഗതികൾ നിയന്ത്രിച്ചാൽ ശരിയാകുമെന്നു തോന്നുന്നില്ല.

MR. P. S. MAHOMED (*Nominated*): ഒരു സംഖ്യ ക്ലിപ്തപ്പെടുത്തിയാൽ അതിൽ കൂടുതലായി ഡാക്ടന്മാർ വാങ്ങിക്കുന്നു എങ്കിൽ അവരെപ്പറ്റി പൊതുജനങ്ങൾക്കു പരാതി പറയാമെല്ലൊ.

MR. K. GEORGE (*Chief Secretary to Government*): കൂടുതൽ വാങ്ങുന്നില്ലല്ലൊ. രണ്ടു രൂപാ ന്യായമായി നിശ്ചയിച്ചിട്ടുണ്ട്. ആ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. George.]

രണ്ടു രൂപായെ വാങ്ങിച്ചിട്ടുമുള്ളൂ. രോഗിക്കു ചികിത്സയും നടത്തീട്ടുണ്ടു് എന്നു ഡാക്ടറന്മാർ പറയുകയും ചെയ്യും.

MR TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഫീസു് വാങ്ങിച്ചാലും ഡാക്ടറന്മാർ നല്ല മരുന്നു കൊടുക്കാത്തതു നിമിത്തം രോഗിക്കു ആപത്തു വരുന്നു എങ്കിൽ, അങ്ങിനെയുള്ള ഉദ്യോഗസ്ഥന്മാരെ ജനങ്ങൾക്കു് എല്ലാവക്കും ക്രമേണ മനസ്സിലാക്കുന്നതിനു സൌകര്യമുണ്ടാകുമല്ലോ.

MR. K. GEORGE (*Chief Secretary to Government*): അവരുടെ ഫീസിനെ നിയന്ത്രിക്കുകയാണെങ്കിൽ അതിനുശേഷം അവർ കൂടുതൽ ചോദിക്കുകയില്ല. ശരിയായ ചികിത്സ ഡാക്ടറന്മാരുടെ നല്ല മനസ്സിൽ ഇരിക്കുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) ഫലം ദോഷകരമായി വരുമ്പോൾ അങ്ങിനെയുള്ള ഡാക്ടറന്മാരെ സംബന്ധിച്ചു മേലധികാരികളെ അറിയിച്ചാൽ അതുകൊണ്ടു ഗുണമുണ്ടാകുകയില്ലെ?

MR. K. GEORGE (*Chief Secretary to Government*): ഫലം ദോഷമായി വന്നുചേർന്നതു് ചികിത്സയിലുള്ള ദോഷംകൊണ്ടല്ലെന്നു ഡാക്ടറന്മാക്കു് പറഞ്ഞു ഒഴിയാമല്ലൊ.

MR. V. J. OOMMEN (*Commerce and Industry, North*): ഇങ്ങിനെ മൂന്നു നാലു രോഗികളെ കുളിപ്പിക്കുമ്പോൾ അയൽക്കാക്കും മറ്റും ഈ വിവരം മനസ്സിലായി പിന്നെ ആ ഡാക്ടറെ വിളിക്കുമൊ?

MR. K. GEORGE (*Chief Secretary to Government*): ഇങ്ങിനെ ചെയ്യുന്നതു് അയൽക്കാക്കും ആക്കും അറിയാൻ സാധിക്കുകയില്ല.

MR. MURUVELIL PACHU PILLAI (*Shertallai*): ഒരു വ്യവസ്ഥയിരിക്കുമ്പോൾ ആ ചട്ടത്തിനെ അതിലംഘിച്ചു് കൂടുതൽ തുക വാങ്ങിക്കുന്നതു്, ഒരു പ്രകാരത്തിൽ കൈക്കൂലിവാങ്ങിക്കുന്നതിനു തുല്യമല്ലെ? ഒരു വ്യവസ്ഥ ഉണ്ടെങ്കിൽ ഒരുത്തക്കും ആ വ്യവസ്ഥയെ അതിലംഘിച്ചു് എങ്ങനെ പ്രവർത്തിക്കാം?

MR. K. GEORGE (*Chief Secretary to Government*): അങ്ങിനെ അനാവശ്യമായി പ്രവർത്തിക്കുകയില്ല.

MR. MURUVELIL PACHU PILLAI (*Shertallai*): ചട്ടത്തിനു വിപരീതമായി പ്രവർത്തിക്കുകയാണെങ്കിൽ__ ?

LIBRARY ARCHIVES Kerala Legislative Assembly

MR. K. GEORGE (*Chief Secretary to Government*): ചട്ടംഅനുസരിച്ചേ പ്രവർത്തിക്കുകയുള്ളൂ. ഇങ്ങനെ ഒരു രാജ്യത്തും നടപ്പില്ല. ഞാൻ രോഗിയെ ചികിത്സിച്ച് ഭേദപ്പെടുത്താമെന്ന് ആരും പറയുകയില്ല.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): നല്ല ഡാക്ടർക്കു കൂടുതൽ പണം കൊടുക്കണമെന്ന് അറിയാമൊ?

MR. K. GEORGE (*Chief Secretary to Government*): അറിയാം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) ഇങ്ങനെ ഡാക്ടറന്മാർ കൂടുതൽ പണം വാങ്ങിക്കുന്നതു് പൊതുജനങ്ങൾക്കു വിരോധമാണെന്നു ഗവണ്മെൻറിനു അറിയാൻ ഇടയായിട്ടുണ്ടോ?

MR. K. GEORGE (*Chief Secretary to Government*): ഇല്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഒരു നിയന്ത്രണം വയ്ക്കുന്നതുകൊണ്ടു വിരോധംവല്ലതും ഉണ്ടൊ?

MR. K. GEORGE (*Chief Secretary to Government*): അതിന്റെ ഉത്തരം മിസ്റ്റർ പാച്ചുപിള്ള ചോദിച്ച ചോദ്യത്തിനു മറുപടിയായി പറഞ്ഞതാണു്.

അങ്ങിനെ ഒരു ചട്ടം ഉണ്ടാക്കുന്നതുകൊണ്ടു് വിശേഷാൽ പ്രയോജനം ഉണ്ടാകുകയില്ല. ദോഷം ഉണ്ടാകാൻ എളുപ്പമുണ്ടു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഗുണം ഉണ്ടാകാൻ തരമില്ലയോ?

MR. K. GEORGE (*Chief Secretary to Government*): അതു് സംശയമാണു്.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഗുണം കിട്ടുന്നതിൽ സംശയവും ദോഷം നിശ്ചയവുമാണു്. അല്ലേ?

MR. K. GEORGE (*Chief Secretary to Government*): അതേ. നല്ല ആളുകളുടെ ഇടയിൽ ചട്ടവും ഒന്നും വേണ്ട. ചീത്ത ആളുകൾ എല്ലായിടത്തും കാണും. നമ്മുടെയിടയിലും കാണും. ദൃഷ്ടാന്തമായി ഒരു ഡാക്ടർക്കു അബദ്ധം പറ്റിയതായിഎനിക്കറിയാം. ഒരു പ്രസവക്കേസിലേക്കായി ഒരു ഡാക്ടരെ വിളിച്ചുകൊണ്ടുപോയി. വയലിന്റെ മദ്ധ്യേക്കൂടിയാണു് അവർ പോയതു്. അവർ പകൃതിവഴിയിൽ എത്തിയ

LIBRARY ARCHIVES Kerala Legislative Assembly

[Mr. K. George.]

പ്പോൾ പ്രസവം കഴിഞ്ഞിരിക്കുന്ന അതിനാൽ ഡാക്ടറെ ഇനി ആവശ്യമില്ലെന്ന ഒരാൾവന്ന അവരോടു പറഞ്ഞു. ഇതു കേട്ട ഉടനെ ആ ഡാക്ടറെ ആ വയലിന്റെ മദ്ധ്യേ വിട്ടിട്ട മറെറല്ലാവരും പോയിക്കളഞ്ഞു. ഡാക്ടർ അവിടെനിന്ന വളരെ പരുങ്ങിപ്പോയി.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഒരു ക്ഷിച്ചമായ തുകയുല്ലാതെ അത്യാഗ്രഹംകൊണ്ടല്ലേ ആ ഡാക്ടർ പോയത്?

MR. K. GEORGE (*Chief Secretary to Government*) : ദുസ്വഭാവികളും കൊള്ളരുതാത്തവരും എല്ലാവരിലും ഉണ്ട്. നല്ല ഡാക്ടറന്മാർ ധാരാളമുണ്ട്. എല്ലാവരും ഒരുപോലെ ചീത്തയെന്നുപറയാൻ പാടില്ല. അതുകൊണ്ട് ഇങ്ങിനെയുള്ള ചട്ടം വച്ചാൽ ദുസ്വഭാവികളായ ഡാക്ടറന്മാർ ആ ചട്ടത്തിന്റെ അതിരുകടന്ന പ്രവത്തിക്കും.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ചട്ടം ഉണ്ടായിരുന്നിട്ടും അതിരുകടന്ന പ്രവത്തിക്കുകയാണെങ്കിൽ ആ ചട്ടം ഇല്ലാതിരുന്നാൽ അതു് കൂടുതൽ ആകുകയല്ലേ ചെയ്യുള്ളൂ?

MR. K. GEORGE (*Chief Secretary to Government*): ഒരു ഡാക്ടർ ഒരു രോഗിയെ വേണ്ടവിധത്തിൽ ചികിത്സിച്ചില്ലെങ്കിൽ ആ കുറത്തിനു പീനൽകോഡിൽ ചട്ടം ഇല്ല. രോഗി ഡാക്ടരുടെനല്ല മനസ്സിനെ ആശ്രയിക്കേണ്ടിയിരിക്കുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : രോഗിയുടെ ജീവനെ സംബന്ധിക്കുന്ന സംഗതിയാകയാൽ പണത്തിനെ സംബന്ധിച്ച കൂടുതൽ സൌകര്യം അവക്കു ചെയ്തു് ഫീസിനെ നിയന്ത്രിക്കേണ്ടതു് ആവശ്യമല്ലെ?

MR. K. GEORGE (*Chief Secretary to Government*) : എന്റെ അഭിപ്രായം ഇതാണു്.

MR. A. THANU PILLAI (*Trivandrum*) : Is there any obligation on the part of a medical officer to respond to a call?

MR. K. GEORGE (*Chief Secretary to Government*) : No statutory obligation, his moral obligation alone.

MR. A. THANU PILLAI (*Trivandrum*) : Any obligation under Administrative Rules?

MR. K. GEORGE (*Chief Secretary to Government*) : No.

MR. A. THANU PILLAI (*Trivandrum*) : Under the rules is there any obligation?

LIBRARY ARCHIVES Kerala Legislative Assembly

MR. K. GEORGE (*Chief Secretary to Government*): No, none so far as I am aware. Dr. Tampi himself said that it is a moral obligation—that it is professional etiquette.

MR. A. THANU PILLAI (*Trivandrum*): So, the department cannot compel a doctor to go and attend a person?

MR. K. GEORGE (*Chief Secretary to Government*): No.

MR. A. THANU PILLAI (*Trivandrum*): Such being the case, can they prescribe fees?

MR. K. GEORGE (*Chief Secretary to Government*): That is very difficult. You cannot enforce it properly. You can say these are the fees; but Government cannot compel a man to go and give the best sort of treatment. That depends upon the good conscience of the man.

MR. A. THANU PILLAI (*Trivandrum*): Can Government frame rules compelling medical officers to go and attend private persons in their houses?

MR. K. GEORGE (*Chief Secretary to Government*): No. This is a question which requires very careful consideration and I cannot support it.

MR. S. PIRAVIPERUMAL PILLAI (*Commerce and Industry, South*): Sir, I must strongly oppose this resolution. Sir, if this Council were to pass a rule fixing the fee for doctors, and say, for instance, for their consultation a fee of Rs. 5 per doctor is fixed. Then the harm that may come thereby is that those who want the best doctors will not be able to get the services of the best men. For, if the fees are fixed at Rs. 5 and you go to the best doctor and call him, he may not be willing to come for Rs. 5. He may say that he is not willing to come. What is the fate of the man? Suppose there is a man who is prepared to pay a higher fee and at the same time cannot get the services of a doctor. What then is the position, I ask, of the man who wants the services of the best doctor. That point has to be considered when we consider this resolution. That is one of the chief difficulties which I am afraid will accrue if this resolution is passed. Therefore, Sir, I strongly oppose this resolution.

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): മിസ്റ്റർ കുഞ്ഞിത്തൊമ്മൻ അവതരിപ്പിച്ചിരിക്കുന്ന പ്രമേയത്തെ ഞാൻ പിൻതാങ്ങുന്നു. ഈ പ്രമേയം അവതരിപ്പിച്ചിരിക്കുന്നതുമെഡിക്കൽഡിപ്പാർട്ടുമെന്റിലെ ഏതാനും ഡാക്ടറന്മാർ കാണിച്ചുവരുന്നതായ കഠിനമായ സ്ഥിതിയെപ്പറ്റി ഈ കൗൺസിലിന്റെ ദൃഷ്ടിയിൽ കൊണ്ടുവരണമെന്നുള്ള ഉദ്ദേശത്തോടുകൂടിയാണെന്ന് മാത്രമെ ഞാൻ വിചാരിക്കുന്നുള്ളൂ. അല്ലാതെ ആസ്പത്രിയുടെ മുൻവശത്തു പ്രൈവറ്റ് ചികിത്സക്കു പോകുന്ന ഡാക്ടറന്മാരുടെ ഫീസ് കുറിച്ചുവച്ചിട്ടുള്ള ഒരു നോട്ടീസ് ബോർഡ് വയ്ക്കണമെന്നുള്ള വിചാരത്തോടുകൂടിമാത്രം ഈ പ്രമേയം കൊണ്ടുവന്നിരിക്കയാണെന്ന് ഞാൻ വിചാരിക്കുന്നില്ല. സാധാരണ

LIBRARY ARCHIVES Kerala Legislative Assembly

[Mr. T. C. Kesava Pillai.]

യായി ഒരു ഡാക്ടർ ഒരു ദിവസത്തിൽ ഏതാനും മണിക്കൂറുകളിൽമാത്രമേ ആസ്പത്രിയിൽ ഹാജരാകുന്നതിനു സാധിക്കുകയുള്ളൂ. അങ്ങനെയുള്ള അവസരങ്ങളിൽ മൂന്നും, നാലും, എട്ടും, പത്തും മൈൽ ദൂരമുള്ള സ്ഥലങ്ങളിലേക്കു ഡാക്ടരെ കൊണ്ടുപോകുന്നപക്ഷം പത്തും അൻപതും രൂപാ ആസ്പത്രിയിൽ വരുന്ന സാധുജനങ്ങൾ ഡാക്ടരെ കാത്തിരിക്കേണ്ടിവരും. തൻനിമിത്തം ആസ്പത്രിയുടെ ഭരണം അത്യന്ത്രികരമായി തീരുകയും ചെയ്യും. എന്നാൽ ചില സംഗതികളിൽ ചിലഡാക്ടറന്മാർക്കുഞ്ഞിനെ എടുക്കണമെങ്കിലും മേശപ്പുറത്തു കിടത്തി പ്രയോഗം നടത്തണമെങ്കിലും പവൻവെക്കണം എന്നു ശഠിക്കുന്ന ദുഷ്പ്രഭയന്മാരായ ഡാക്ടറന്മാരെ മേലാൽ ജോലിയിൽനിന്നും പിരിച്ചയക്കണം. അതിനാൽ ഗവണ്മെൻറിൽനിന്നു മെഡിക്കൽഭരണം ത്രുപ്തികരമായിവച്ചു് പെരുമാറണമെന്നുള്ള ഉദ്ദേശത്തോടു കൂടിമാത്രമാണു് ഈകൌൺസിലിൽ ധാരാളം എക്സ്പീരിയൻസ് സിദ്ധിച്ചിട്ടുള്ള മിസ്റ്റർകുഞ്ഞിതൊമ്മൻ ഈ പ്രമേയം കൊണ്ടുവന്നിട്ടുള്ളതു്. അല്ലാതെ എളുപ്പത്തിൽ ഒരു ബോർഡ് എഴുതിവയ്ക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി ഈപ്രമേയം ഹാജരാക്കിയിരിക്കുന്നു എന്നു ഞാൻ വിചാരിക്കുന്നില്ല.

ഗവണ്മെൻറിൽനിന്നും ഗ്രാന്റു് കൊടുക്കുന്ന ചില സ്ഥാപനങ്ങൾ ഈ ഡിപ്പാർട്ടുമെൻറിൻെറ അധീനത്തിലുണ്ടു്. എൻെറ അറിവിൽ ഇപ്രകാരമുള്ള സ്ഥാപനങ്ങളിൽ അനവധി അക്രമപ്രവൃത്തികൾ നടന്നുവരുന്നു. ഈ ഡാക്ടറന്മാർക്കു ചില സ്പൈസുകൾ ഉണ്ടു്. അവർ പറയുന്നതു് "ഈ വന്നിരിക്കുന്ന ആൾ കാറിലാണു് വന്നതു്, ധാരാളം സ്വത്തുള്ള ആളാണു് വടക്കൻപറവൂർക്കാരനാണു് അതുകൊണ്ടു് ഇരുന്നൂറു രൂപാ ഫീസ് കൊടുക്കണം", എന്നൊക്കെയാണു്. പരമാർത്ഥത്തിൽ ഈ തുക കൊടുക്കാൻ അയാൾക്കു സാധിക്കാതിരിക്കും. എങ്കിലും അവരെ വിഷമിപ്പിച്ചു വാങ്ങിക്കുന്നതായി എനിക്കറിയാം. ഇങ്ങിനെയുള്ള സംഗതികളിൽ ഗവണ്മെൻറു പ്രത്യേകം ശ്രദ്ധിച്ചു് അതിനെ നിയന്ത്രിക്കണം. അങ്ങിനെ കാണുന്നപക്ഷം അവരുടെ ഗ്രാൻറു് എടുക്കണമെന്നുള്ള സംഗതിയേയും ഈ കൌൺസിലിൻെറ ശ്രദ്ധയിൽ പതിപ്പിച്ചുകൊള്ളുന്നു.

MR. K. MADHAVAN (*Nominated*): *கிராண்டுவாங்கி நடத்தப்படுகிற ஆஸ்பத்திரிகளில் இருக்கிறவர்கள், இம்பேஷியண்டாயிருக்கிறவர்களுக்கு யாதொரு பிரதிபலனையும் எதிர்பார்க்காமல் மருந்தும், ஆகாரமும் கொடுத்துவருகிறார்களென்பது மெம்பருக்குத் தெரியுமா?*

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): എനിക്കറിഞ്ഞു കൂടാ. മിസ്റ്റർ മാധവൻ പറഞ്ഞതുപോലെയുണ്ടായിരിക്കാം. എന്നാൽ അന്യന്മാരെ കുനിച്ചുനിത്തി പണം മേടിച്ചു് അതുകൊണ്ടു ആഹാരവും മറ്റും കൊടുക്കാമെന്നു വിചാരിക്കുന്ന ഗ്രാൻറു സ്ഥാപനങ്ങളുണ്ടെങ്കിൽ ആ ഗ്രാൻറിനെ ഉടനടി നിത്തണം. ഏതെങ്കിലും ധർമ്മസ്ഥാപനം തുറക്കണമെന്നു് ആഗ്രഹിക്കുന്ന എങ്കിൽ അവർ മഹാന്മാരോടു ചെന്നു് അപേക്ഷിച്ചിട്ടോ സ്വന്തപ്രയത്നംകൊണ്ടോ അല്ലെങ്കിൽ മറ്റുള്ളവരോടു തെണ്ടി എങ്കിലും പണംകൊണ്ടുവന്നോ അല്ലാതെ ഇപ്രകാരം ചികിത്സക്കു വരുന്നവരിൽ ഭാരം ചുമത്തി അതുകൊണ്ടു നടത്താൻ നിശ്ചയിക്കുന്ന എങ്കിൽ അതു ലജ്ജാവഹമാണു്.

MR. A. C. KURIAKOSE (*Minachil* cum *Devicolam*): ഗവണ്മെൻറു വകയായി ധാരാളം ആസ്പത്രികൾ ഉള്ളപ്പോൾ പ്രൈവറ്റുവക ആസ്പത്രികളിൽത്തന്നെ ശസ്ത്രക്രിയകളും ചികിത്സയും നടത്താൻ പോകുന്നതു എന്തുകൊണ്ടാണു്?

MR. T. C. KESAVA PILLAI (*Kalkulam* cum *Vilavankod*): വസ്തുതയായി പലകാരണങ്ങളും കാണും.

മെഡിക്കൽ ഭരണം നടത്തുന്നതു ഇൻസ്പെക്ടിംഗ് മെഡിക്കലാഫീസറും വേറെ രണ്ടുപേരുംകൂടിയാണു്. ഏതെങ്കിലും ഒരു ഡാക്ടരുടെ നടപടി ദുഷ്യത്തെപ്പറ്റി കമ്മറ്റിക്കാരിൽ ആരെങ്കിലും കാണുന്ന എങ്കിൽ ആ ഡാക്ടരെ അവരിൽ മറ്റാരെങ്കിലും താങ്ങുകപതിവാണു്. അതുകൊണ്ടു് മൂന്നുപേക്കും കൂടിയോജിച്ചു് ഒരു ഡാക്ടറെ ശിക്ഷിക്കാൻ സാധിക്കുന്നില്ല. ഇങ്ങനെയുള്ള ചില സംഗതികളും ഗവണ്മെൻറിന്റെ ദൃഷ്ടിയിൽത്തന്നെ പെട്ടിട്ടുണ്ടെന്നു എനിക്കറിയാം. ഇങ്ങനെ കാണുന്ന ഡാക്ടറന്മാരെ ഗവണ്മെൻറു് ആലോചിച്ചു കഠിനമായി ശിക്ഷിക്കണമെന്നു ഞാൻ അഭിപ്രായപ്പെടുന്നു.

സബ് രജിസ്ട്രാറന്മാർ പടി വാങ്ങിച്ചുംകൊണ്ടു് ആളുകളുടെ വിരൽ ഉരുട്ടുകയും ഒപ്പിടുവിക്കുകയും ചെയ്യുന്നമാതിരിയല്ല ഒരു ഡാക്ടരുടെ കാര്യം. അയാളുടെ മനസ്സു് അലിഞ്ഞു പ്രവർത്തിക്കേണ്ടിയിരിക്കുന്നു. അതുകൊണ്ടു് ഇങ്ങിനെയുള്ള സംഗതികളിൽ നിർബന്ധമായ പടിവയ്ക്കണമെന്നുള്ള പ്രമേയത്തെ മിസ്റ്റർ കുഞ്ഞിതൊമ്മൻ പിൻവലിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഈ പ്രമേയത്തെ പിൻതാങ്ങുന്നു.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): എന്റെ പ്രമേയത്തെക്കുറിച്ച് ഗവണ്മെന്റ് ഭാഗത്തുനിന്നും ഇതു കൊണ്ടുപ്രയോജനമില്ലെന്നു പറഞ്ഞു എതിർക്കയുണ്ടായി. എന്നാൽ അതു കൊണ്ടു ദോഷമുണ്ടെന്നു പറയുന്നില്ല. പ്രയോജനമില്ലെന്നു പറയുന്നതു ശരിയാണെന്നു അനുദ്യോഗസ്ഥമെംബർമാർ ആരും അഭിപ്രായപ്പെട്ടിട്ടുള്ളതായി കാണുന്നില്ല. അതുകൊണ്ട് പ്രയോജനമുണ്ടെന്നാണ് അവരുടെ വിചാരം. ജനങ്ങളുടെ ഇടയിൽ സഞ്ചരിച്ചും അവരുടെ കൂട്ടത്തു വസിച്ചും ധാരാളം അനുഭവം വന്നിട്ടുള്ള ഈ ജനപ്രതിനിധികൾ അതുകൊണ്ടു പ്രയോജനമില്ലെന്നോ ദോഷമാണെന്നോ പറയുന്നില്ല.

PRESIDENT: ചിലമെംബർമാർ ഇതു ദോഷമാണെന്നും പ്രയോജനമില്ലെന്നും പറഞ്ഞല്ലോ.

MR. K. GEORGE (*Chief Secretary to Government*): ഇതു കൊണ്ടുദോഷമാണെന്നു മിസ്റ്റർ പിറവിപെരുമാൾപിള്ള പറഞ്ഞു.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അതു ഒരാൾമാത്രം പറഞ്ഞതുനോക്കണ്ട. ഭൂരിപക്ഷമല്ല. ധാരാളംതുക സാധുക്കളോടു നിർബന്ധിച്ചു വാങ്ങിക്കുന്നതിനുള്ള സ്വാതന്ത്ര്യം എടുത്തുകളഞ്ഞാൽ അതുകൊണ്ടു പ്രയോജനമില്ലെന്നു പറയുന്നതു എന്തുതുകയും വാങ്ങിച്ചുകൊള്ളട്ടെഎന്നു അനുവദിക്കുകയാണ്. ഇതിൽനിന്നും ഇത്രയെ വാങ്ങാവുഎന്നു ഒരു വ്യവസ്ഥ വേണ്ടെന്നും ഇപ്പോഴത്തെപോലെ എത്രയെങ്കിലും വാങ്ങിച്ചുകൊള്ളട്ടെ എന്നുമാണു വിചാരിക്കുന്നതെന്നതോന്നുന്നു. ഈ മനസ്ഥിതി വളരെ കഷ്ടവുംജനങ്ങൾക്കു ദോഷം ചെയ്യുന്നതുമാണ്.

MR. K. GEORGE (*Chief Secretary to Government*): Sir, as a point of personal explanation, I may say that I referred to the black sheep.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): ഉദ്യോഗസ്ഥന്മാരുടെ ലാഭംമാത്രം നോക്കിയാൽ പോരാ, സാധുക്കളുടെ രക്ഷയുംനോക്കണം. ഉദ്യോഗസ്ഥന്മാർക്കായി ജനങ്ങൾ എന്നല്ല, ജനങ്ങൾക്കായി ഉദ്യോഗസ്ഥന്മാർ എന്നു വിചാരിക്കണം.

MR. K. GEORGE (*Chief Secretary to Government*): എല്ലാഡാക്ടറന്മാരും അങ്ങിനെ വാങ്ങിക്കുന്നുണ്ടോ?

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മിക്കവരും വാങ്ങുന്നുണ്ട്. എല്ലാവരുടേയും ജീവൻ വളരെ പ്രധാനമാണ്. നമ്മേപ്പോലെ ഒരു സാധുവിന്റെ ജീവനും വളരെ പ്രാധാന്യമുള്ളതാണെന്നു നാം പ്രത്യേകം അറിയേണ്ടതാണ്.

LIBRARY ARCHIVES Kerala Legislative Assembly

MR. K. GEORGE (*Chief Secretary to Government*) : ഇപ്പോൾ നിയന്ത്രണം ഇല്ലാതിരിക്കുന്ന എങ്കിലും എല്ലാവരും വാങ്ങുന്നില്ലല്ലൊ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): മിക്കവാറും പേർ വാങ്ങിക്കുന്നുണ്ട്. പണം എത്രയെങ്കിലും മേടിച്ചുകൊള്ളട്ടെ എന്നുവച്ചിരിക്കുന്നതുകൊണ്ടു ധാരാളംപണം ഡാക്ടറന്മാർ സമ്പാദിക്കുന്നു. അവരും ഉദ്യോഗസ്ഥന്മാരാണല്ലൊ. ഈ ഉദ്യോഗസ്ഥന്മാക്കു ചട്ടമില്ലയൊ? ജനങ്ങളെ പരിരക്ഷിക്കുന്നതിനല്ലെ ഉദ്യോഗസ്ഥന്മാർ. സാധുജനങ്ങൾ കഷ്ടപ്പെട്ടുണ്ടാക്കുന്ന പണം അത്രയും അവരുടെ ആപൽകാലങ്ങളിൽ ഇവർ വളരെ സന്തോഷത്തോടുകൂടി മേടിക്കുന്നു. മറ്റുള്ള ഡിപ്പാർട്ടുമെൻറുകളിൽ ജനങ്ങളെ ഉപദ്രവിച്ചു പണം വാങ്ങിക്കാൻ ഈ ഡിപ്പാർട്ടുമെൻറിലുള്ള സൌകര്യംപോലെയില്ല. ഗത്യന്തരമില്ലാത്ത അവസരങ്ങളിലാണ് ഈ ഡാക്ടറന്മാക്കു കൊടുക്കാതിരിക്കുന്നതു്. അല്ലാത്ത അവസരങ്ങളിൽ കൃഷിചെയ്യുന്നനിലം വിറ്റെറാ മറ്റുള്ള ആഭരണങ്ങളെ വിറ്റിട്ടൊ ഉള്ള പണമെല്ലാം ഡാക്ടക്കു കൊടുക്കുന്നുണ്ട്. ചിലപ്പോൾ ഭാര്യയുടേയൊ മകളുടേയൊ ആഭരണങ്ങളെ പണയംവച്ചും കൊടുക്കുന്നുണ്ട്. ഡാക്ടർമാർ നല്ല ശമ്പളവും വാങ്ങിക്കുന്നുണ്ട്. ഇങ്ങിനെ ശമ്പളം വാങ്ങിക്കുന്നതുകൊണ്ടു സാധുജനങ്ങളുടെ കാര്യത്തിൽ അവർ ന്യായമായി പെരുമാറണം. അങ്ങിനെ ചെയ്യാതിരിക്കുന്നതുകൊണ്ടു ജനസാമാന്യത്തിനവളരെ സങ്കടമുണ്ട്. ഈ ഡിപ്പാർട്ടുമെൻറിനെ അടച്ചു് ആക്ഷേപിക്കുന്നതു ശരിയല്ലല്ലൊ? അതിനാൽ നിത്യപരിചയത്തിൽഉള്ളകാര്യങ്ങളെയാണു് ഇവിടെ എടുത്തു പറയുന്നതു്. ചിലകേസുകളിൽ സാധുക്കളോടു ചിലർ അന്യായമായി നിർദയമായി മനുഷ്യനാണെന്നുള്ള നിലയെ വിസ്മരിച്ചു പ്രവർത്തിക്കുന്നുണ്ടു്. അതു തെറ്റാണു്. ആ അനീതിയെ തടയാനാണു് ഫീസിനു നിയന്ത്രണംവേണമെന്നു് ആവശ്യപ്പെടുന്നതു്. ദരിദ്രന്മാരോടു അൻപതും നൂറും ആവശ്യപ്പെടുകയാണെങ്കിൽ അവക്കു അതു സാധിക്കുന്നതാണോ? അതുകൊണ്ടു നിയന്ത്രണം വളരെ അത്യാവശ്യമാണു്. അങ്ങിനെ ബോധിച്ചുപോലെ വാങ്ങിക്കാമെന്നു വിട്ടുകളഞ്ഞാൽ ഈ ഡാക്ടറന്മാക്കു ശമ്പളം കൊടുത്തുവച്ചിരിക്കുന്നതുകൊണ്ടു സാധുക്കൾക്കു എന്തു പ്രയോജനമെന്നു ഗവണ്മെൻറു നല്ലവണ്ണം ആലോചിക്കേണ്ടതാണു്. നിയന്ത്രണം നിമിത്തം മിസ്റ്റർ കേശവപിള്ള പറഞ്ഞപോലെയുള്ള കുഴപ്പങ്ങളൊന്നും ഉണ്ടാവുകയില്ല. അഥവാ ഉണ്ടാകുന്നെങ്കിൽതന്നെയും അവയെതടുക്കാം. പട്ടണങ്ങളിൽ പല ഡാക്ടറന്മാരുമുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

MR. T. C. KESAVA PILLAI (*Kalkulam cum Vilavankod*): എന്റെ വീട്ടിനടുത്തു് ആസ്പത്രിയില്ലന്നു മെമ്പറിനു അറിയാമോ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): മെമ്പറിന്റെ വീടു ഞാൻ അറിയുകയില്ലാത്തതുകൊണ്ടു ഖണ്ഡിച്ചുപറയാൻ നിവൃത്തിയില്ല. മെംബർ ഒരു പട്ടണവാസിയാണു്. ആ പട്ടണത്തിൽ ആസ്പത്രിയുണ്ടെന്നു എനിക്കറിയാം.

എന്നാൽ ഉൾപ്രദേശങ്ങളുടെ സ്ഥിതി അങ്ങനെയല്ല. ഒരു വീട്ടിൽനിന്നും എട്ടുംപത്തും മൈൽദൂരെ ആയിരിക്കും ഒരു ആസ്പത്രി ഇരിക്കുന്നതു്.

MR. K. GEORGE (*Chief Secretary to Government*): ഇതു നാട്ടുവൈദ്യന്മാരെ ബാധിക്കുകയില്ലേ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): കുറേ ബാധിക്കും; അധികമില്ല. ചിലരോഗത്തിനു നാട്ടുവൈദ്യന്മാർ പോരാതേവരും. ടൈഫായിഡ്, ന്യൂമോണിയാ, പ്രസവക്കേസ് മുതലായവക്കു്, ചില യന്ത്രത്തിന്റെ സഹായവും മറ്റുചിലസൌകര്യങ്ങളും വേണ്ടിയിരിക്കുന്നതിനാൽ അലോപ്പതി ഡാക്ടറന്മാരെയാണു ആവശ്യപ്പെടുന്നതു്.

MR. A. C. KURIAKOSE (*Minachil cum Devicolam*): നാട്ടുവൈദ്യന്മാരെ വളരെ ദുർല്ലഭമായിട്ടല്ലെ പൊതുജനങ്ങൾ വിളിച്ചും വിശ്വസിച്ചും വരുന്നതു്.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ചിലസ്ഥലത്തിൽ നാട്ടുവൈദ്യന്മാരേയും ധാരാളം വിശ്വസിക്കുന്നുണ്ടു്. തുക വാങ്ങിക്കുന്നതിൽ കുറെ ഭേദവുമുണ്ടു്.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): സർക്കാരിൽനിന്നും ശമ്പളംകൊടുക്കുന്ന ഒരു ഡാക്ടർക്കു് ഒരു ദിവസം എത്രമണിക്കൂർ വേല ചെയ്യണമെന്നറിയാമൊ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അതിനെപ്പറ്റി ഡാക്ടറന്മാരോടു ചോദിച്ചതിനെ കൂടുതൽ മനസ്സിലാക്കണം. അല്ലാതെ എനിക്കു് ഖണ്ഡിച്ചു പറയുവാൻ സാധിക്കയില്ല. അതിനെപ്പറ്റി വിവരിക്കുന്ന റിക്കാർഡുകളും ഒന്നും കിട്ടീട്ടില്ല.

ഡാക്ടർ പല ഇടത്തും ബോധിച്ചതുപോലെ പോകുകയാണു്. ഡാക്ടരുടെ വാസസ്ഥലത്തുചെന്നാൽ ആസ്പത്രിയിൽവരാൻ പറയും. ആസ്പത്രിയിൽ ചെന്നാൽ കാണുകയുമില്ല. ചിലപ്പോൾ ആസ്പത്രികളിൽ കൂടുതൽ സമയം ഇരിയ്ക്കും. ചിലപ്പോൾ വളരെ കുറച്ചു ഇരിക്കുകയുള്ളൂ. അങ്ങിനെയുള്ള ചിലരുടെ സമയം ക്ലിപ്തപ്പെടുത്തി പറയാൻ സാധിക്കയില്ല.

LIBRARY ARCHIVES Kerala Legislative Assembly

DR. K. RAMAN TAMPI (*Inspecting Medical Officer*) : എല്ലാ ആസ്പത്രികളിലും ഇന്ന ഇന്ന സമയത്തു ഡാക്ടർ ഉണ്ടായിരിക്കുമെന്നു ബോർഡുവച്ചിട്ടുണ്ട്. ആ സമയങ്ങളിൽ ഡാക്ടർ അവിടെ കാണും.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : അങ്ങനെ കൃത്യസമയങ്ങളിൽ ഇല്ലാത്തവരെ ശിക്ഷിച്ചിട്ടുണ്ടോ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ശിക്ഷിച്ചിട്ടുണ്ട്.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : അതുകൊണ്ടു ഫീസിന്റെ കാര്യത്തിനു ബോർഡുവയ്ക്കുകയാണെങ്കിൽ ഗുണമുണ്ടാകുമെന്നു വിചാരിക്കുന്നുതോ? അതനുസരിച്ചു നടക്കാത്തവരെ ശിക്ഷിക്കാമല്ലൊ? പണം ഇത്രയെന്നു ഖണ്ഡിച്ചു ബോർഡു വച്ചാൽ അതിനെ ലംഘിക്കുന്നവരെ ശിക്ഷിക്കണം. അതുകൊണ്ടു ദോഷവുമില്ല. സാധുക്കൾക്കുവളരെ ഗുണവുമുണ്ട്. രാജ്യത്തിൽ വളരെ ദരിദ്രന്മാരുണ്ട്. ആസ്പത്രിയിൽ കൊണ്ടുവരുവാൻ പാടില്ലാത്ത രോഗങ്ങളുമുണ്ട്. അങ്ങനേയുള്ള സംഗതികളിൽ ഡാക്ടർ പോയി നോക്കേണ്ടതായ ആവശ്യമുണ്ട്. ഇങ്ങനേയുള്ളവരോടു ധാരാളം തുകമേടിക്കുന്നതു കുഴപ്പമെന്നുള്ളതുകൊണ്ടാണു് അതിനെ നിയന്ത്രിക്കണമെന്നു് ആവശ്യപ്പെടുന്നതു്. ഡാക്ടറന്മാർ പലതരത്തിൽ ഉണ്ടു്. അതിൽ ഒരോരുത്തക്കും അവരവരുടെ ക്ലാസു അനുസരിച്ചു ഫീസ് വച്ചാലും തരക്കേടില്ല. ബോർഡിൽ ഉൾപ്പെട്ട അംഗങ്ങൾക്കു ഒരു രൂപാ വച്ചുകൊള്ളട്ടെ. അതിനു താഴേയുള്ളവക്കു്, അതായതു സബ്ജഡ്ജൻ, അസിസ്റ്റൻറ്സബ്ജഡ്ജൻ എന്നിവക്കു് അതിന്റെ പകുതി വയ്ക്കാം. അവരുടേയും അസിസ്റ്റൻറിനു അതിന്റെ പകുതിവയ്ക്കാം. ഇങ്ങനെ താഴെ അറുവരെക്കെ ക്ലിപ്തപ്പെടുത്തിവയ്ക്കാം. വലിയ നിലയിലിരിക്കുന്നവക്കു വലിയതുകയും താഴെ ഉള്ളവക്കു അതിനനുസരിച്ചു തുകയും വച്ചു് ഒരു വ്യവസ്ഥ ചെയ്യണമെന്നു ഞാൻ ഈ പ്രമേയംമുഖേന ഗവണ്മെൻറിനോടു ശുപാർശ ചെയ്തുകൊള്ളുന്നു.

MR. R. KESAVA PILLAI (*Kottarakara cum Kunnattur*) : ഇങ്ങിനെ ഒരു വ്യവസ്ഥചെയ്താൽ പോകണമെന്നല്ലാതെ അവരെ നിർബന്ധിക്കാനൊ അതുകൊണ്ടു ഫലമൊ ഉണ്ടൊ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*) : ഡിപ്പാർട്ടുമെൻറധ്യക്ഷന്മാർ നിഷ്കർഷിച്ചാൽ ഫലമുണ്ടു്. വലിയ തുകകൊടുക്കുവാൻ ആവശ്യപ്പെട്ടാൽ പരാതിയിൽ വരുമ്പോൾ അന്വേഷിച്ചു ശിക്ഷിച്ചാൽ ശരിപ്പെട്ടുകൊള്ളും.

LIBRARY ARCHIVES Kerala Legislative Assembly

MR. R. KESAVA PILLAI (*Kottarakara cum Kunnattur*): ഇപ്പോഴത്തെ പ്രതിബന്ധമേതെന്ന് അറിയാമൊ?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*). അതെല്ലാം പറഞ്ഞു കഴിഞ്ഞു.

MR. K. GEORGE (*Chief Secretary to Government*): ചുമതല ബോധം ഉള്ളവരെല്ലാംപോകും.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): അങ്ങിനെയുള്ളവർ യാതൊരു നിയമവുമില്ലെങ്കിലും പോകും; ചുമതലാബോധം ഇല്ലാത്തവരെയാണ് ചട്ടംകൊണ്ടു നിയന്ത്രിക്കേണ്ടത്. സകല നിയന്ത്രണവും അവരെയാണ് ബാധിക്കുന്നത് ജനങ്ങളുടെയിടയിൽ ചുമതലാബോധം ഉള്ളവരും ഇല്ലാത്തവരും ഉണ്ട്. ചുമതലാബോധം ഉള്ളവർക്കു വ്യവസ്ഥയിരിക്കുന്നതുകൊണ്ടു യാതൊരു ദോഷവുമില്ല. അല്ലാത്തവരെ സംബന്ധിച്ചാണ് വ്യവസ്ഥ അത്യാവശ്യമായിട്ടുള്ളത്. ഈ കൌൺസിലിന്റെ ആരംഭംമുതലെ ഇതിനെപ്പറ്റി പറയുകയാണ്. ഗൌനിക്കാമെന്ന മറുപടിപറഞ്ഞിട്ടുണ്ട്. എന്തു ചെയ്കൊടുക്കണമെന്നുള്ളതിനു കോഡ് നോക്കണമെന്നും ഒരിക്കൽപറഞ്ഞു. എന്നാൽകോഡു നോക്കിയതിൽരണ്ടു രൂപയാണു കണ്ടത്. അതനുസരിച്ചു നടത്തണമെന്നു ബഡ്ജറ്റു യോഗങ്ങളിൽ പറയാറുണ്ട്. അതുകൊണ്ടും ഫലം കിട്ടിട്ടില്ല. അതിൽപിന്നെയാണ് പ്രമേയരൂപത്തിൽ കൊണ്ടുവന്നിരിക്കുന്നത്. അതിനാൽ ഈ കാര്യത്തിൽ പ്രത്യേകമായ ഒരു വ്യവസ്ഥചെയ്യണമെന്ന് ഈ കൌൺസിൽ ശുപാർശചെയ്യുന്നു.

DR. K. RAMAN TAMPI (*Inspecting Medical Officer*): I have only a few words to say by way of remarks. What all I have to say, has been said by Mr. George. You cannot compel a Doctor to attend on a patient when the Doctor himself is ill. By putting a rule like that, in the Medical Code, there is no possibility of giving effect to that rule in such cases. Hence, by putting such a rule, no advantage is derived.

As regards the fee to be paid to a Doctor there is already a rate of fees fixed. Whether fixed or not, it all depends on the nature of the doctors, in that, a man of good conscience will not realise a large fee from the patient who is not able to pay. If Doctors are men of good character, they will never exceed their legitimate bounds in the matter of realising fees. Moreover, fixing a particular fee for a particular disease is a very difficult affair. In no place on earth, such a system exists.

In Madras, I referred the matter to the Surgeon-General. His reply was that fixing a rate of fees is not an easy affair and that there is no such rule.

RAO BAHADUR K. A. KRISHNA AIYANGAR (*Nominated, Deputy President*): May I know from the member whether among Doctors there

LIBRARY ARCHIVES Kerala Legislative Assembly

no convention for a particular visit in Madras? Do not Doctors professionally charge a particular fee?

DR. K. RAMAN TAMPI (*Inspecting Medical Officer*) : Rs. (15) fifteen is the fee fixed for a visit.

MR. K. GEORGE (*Chief Secretary to Government*) : Is it for a visit?

DR. K. RAMAN TAMPI (*Inspecting Medical Officer*) : Yes.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): മദ്രാസ് സംസ്ഥാനത്തിൽ ഈ മാതിരി സമ്പ്രദായം ഇല്ലെ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ഇല്ല.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*): അവിടെ ഗ്രാമങ്ങളിൽ പൊയിചേന്നിരിക്കുന്നതുകൊണ്ട് അവിടത്തെ ഗവൺമെൻറു ഡാക്ടർക്കും പ്രൈവറു ഡാക്ടർക്കും കൂടുതലായി ചികിത്സിക്കത്തക്ക സൌകര്യത്തിലല്ലെ അവിടത്തെ ദേശസ്ഥിതി?

DR. K. RAMAN TAMPI (*Inspecting Medical Officer*): അവിടെ പ്രൈവറു ഡാക്ടറന്മാർ ധാരാളമുണ്ട്. അതുകൊണ്ട് അവരുടെ അടുത്തു ചികിത്സക്കു ധാരാളമായിപോകും. ഇവിടത്തെ ഡാക്ടറന്മാരെക്കാൾ പഠിപ്പുകറവാണു് ബ്രിട്ടീഷ് ഇൻഡ്യയിലെ ഡാക്ടറന്മാർക്കുള്ളതു്.

MR. P. S. MAHOMED (*Nominated*) : നമ്മുടെ രാജ്യത്തു വൈദ്യസഹായത്തിനു തീരെ സൌകര്യമില്ല. അതിനെ നിർണ്ണയിക്കുകയാണെങ്കിൽ വേണ്ടവിധത്തിലുള്ള ആളുകൾ ഉണ്ടാകുകയില്ലെന്നാണോ ഭയം?

DR. K. RAMAN TAMPI (*Inspecting Medical Officer*): നിർണ്ണയിച്ചുവച്ചാൽ ചീത്തമനുഷ്യരായിട്ടുള്ളവർ നല്ലവണ്ണം ചികിത്സിക്കണമെന്നില്ലെല്ലൊ. അതിനാൽ നിർണ്ണയിക്കാൻ പ്രയാസമാണു്. നിർണ്ണയിക്കുന്നതുകൊണ്ടു പൂർണ്ണമായ പ്രയോജനം കിട്ടുമെന്നു ഞങ്ങൾ തീർച്ചയാക്കാൻ പാടില്ല.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : അങ്ങിനെ നിശ്ചയിക്കുന്നതുകൊണ്ടു ദോഷമൊന്നുമില്ലല്ലൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): ധാരാളം ദോഷവും ഉണ്ടു്.

MR. P. S. MAHOMED (*Nominated*) : അങ്ങിനെ ഉണ്ടെങ്കിൽ ആ ദോഷങ്ങളെ സംബന്ധിച്ചു പരാതി പറയാനും ഭയപ്പെടുകയില്ലല്ലൊ?

DR. K. RAMAN TAMPI (*Inspecting Medical Officer*): പരാതി പറയാൻ ഭയപ്പെടേണ്ടെങ്കിലും നല്ല മരുന്നു കൊടുത്തില്ലെങ്കിൽ എന്തു ചെയ്യും?

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): വ്യവസ്ഥചെയ്യുന്നതു നിമിത്തം ഡാക്ടറന്മാരുടെ വരവു കുറഞ്ഞുപോയാൽ ദോഷമെന്താണ്?

DR. K. RAMAN TAMPI (*Inspecting Medical Officer*) : വ്യവസ്ഥകൊണ്ട് വിശേഷിച്ചു ഗുണമുണ്ടെങ്കിൽ മാത്രമല്ലെ അതിനെപ്പറ്റി ആലോചിക്കേണ്ടതു?

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): ചിലപ്പോൾ ദോഷമുണ്ടാകുകയുള്ളൂ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ജനങ്ങൾക്കു പൊതുവെ അതുകൊണ്ടു ഗുണമുണ്ടാകുമോ എന്നു സംശയിക്കുന്നു.

MR. TARIATU KUNJITOMMAN (*Muvattupuzha cum Todupuzha*): പൊതുവെ ദോഷമില്ലാത്തതുകൊണ്ട് അങ്ങിനെ ഒരു വ്യവസ്ഥ ചെയ്യുന്നതുകൊണ്ടു വിരോധമുണ്ടോ?

DR. K. RAMAN TAMPI (*Inspecting Medical Officer*): നല്ല സ്വഭാവമുള്ളവരെ വ്യവസ്ഥയില്ലാതെ തന്നെ നിയന്ത്രിക്കാൻകഴിയും. ചീത്ത ആളുകളോടു ചെന്നു ഇന്ന മരുന്നു കൊടുക്കണമെന്നു പറയാൻ സാധിക്കുകയില്ല.

MR. A. C. KURIAKOSE (*Minachil cum Devicolam*) : ചീത്ത ഡാക്ടറന്മാരായതുകൊണ്ട്; നല്ല മരുന്നുകൾ കൊടുക്കുന്നില്ല എന്നു പരാതി പറയാൻ സംശയിക്കുന്നു. അതു കൊണ്ട് അവരെ നിയന്ത്രണം ചെയ്താൽ കുറെക്കൂടി ചീത്തയായി പ്രവർത്തിക്കുമെന്നാണോ സംശയം. അവരെ ഒരു വ്യവസ്ഥക്കു അധീനമാക്കാതിരുന്നാൽ ചീത്തകൾ കുറെക്കൂടി വർദ്ധിക്കുകയില്ലെ?

DR. K. RAMAN TAMPI (*Inspecting Medical Officer*): പരാതി ഉണ്ടായാൽ ശിക്ഷിക്കും. ചീത്ത സ്വഭാവമുള്ളവരെ എന്തുചെയ്യും?

MR. A. C. KURIAKOSE (*Minachil cum Devicolam*) : അങ്ങിനെ ചീത്തയായി വന്നാൽ അവരെ ചീത്തകളാണെന്നു ജനങ്ങൾക്കു കുറെക്കൂടി എളുപ്പത്തിൽ പ്രത്യക്ഷപ്പെടുത്താൻ സാധിക്കുകയില്ലെ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : അതിനു സാധിക്കുമെന്നു തോന്നുന്നില്ല.

MR. ITTOOP ITTEECHAN (*Kunnatnad*) : ഒരു ചീത്ത മനുഷ്യൻ പണം വാങ്ങിച്ചാൽ നല്ലപോലെ ചികിത്സിക്കുമെന്നു വിചാരിക്കുന്നുണ്ടോ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : എന്നു പറഞ്ഞില്ല. അയാളോടു നല്ല മരുന്നുകൊടുക്കണമെന്നു നിർബന്ധിക്കാൻ സാധിക്കുകയില്ല എന്നാണു പറഞ്ഞതു.

LIBRARY ARCHIVES Kerala Legislative Assembly

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഫീസ് ക്രൂതൽ മേടിക്കുന്നുണ്ടെന്നുള്ളതിനെപ്പറ്റി അന്വേഷണം നടത്താമോ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : പരാതി ഉണ്ടെങ്കിൽ അന്വേഷണം നടത്താം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : ഇതിൽ ഒരു വ്യവസ്ഥ ചെയ്യേണ്ടതു അത്യാവശ്യമാണെന്നു ബോധ്യപ്പെട്ടാൽ അങ്ങനെ ഒരു വ്യവസ്ഥ ചെയ്യാമോ?

DR. K. RAMAN TAMPI (*Inspecting Medical Officer*) : ക്രൂതൽ അത്യാവശ്യമാണെന്നു കണ്ടാൽ അങ്ങിനെ ചെയ്യാം.

MR. TARIATU KUNJITOMMAN (*Muvattupuzha* cum *Todupuzha*) : എന്നാൽ പ്രമേയത്തെ ഞാൻ പിൻവലിക്കുന്നതിനു അനുവാദം ചോദിച്ചു കൊള്ളുന്നു.

PRESIDENT : Does the House permit the resolution to be withdrawn?

The resolution was, by leave, with drawn.

RESOLUTION RE COMMUNAL REPRESENTATION IN PUBLIC SERVICE.

PRESIDENT : The House will now pass on to the next resolution which stands in the name of Mr. Kuriakose.

Advertisement of vacancies and communal representation in Public Service.

MR. A. C. KURIAKOSE: This Council recommends to the Government that in regard to the appointments to be made during the next five years in the various departments and grades of the Travancore Public Service, notification be published inviting applications for vacancies occurring in any department, that preference be given to the applicant belonging to the community that is least represented in the particular department on the basis of population, provided his examination qualifications are not inferior to those prescribed for the same appointment in the Travancore Service Regulations, and that the same policy be adopted in the case of appointments made from the service to the various grades.

MR. A. C. KURIAKOSE (*Minachil* cum *Devicolam*) : സർ, എന്റെ പേരിലുള്ള അടുത്ത പ്രമേയത്തെ ഞാൻ ഈ സഭമുമ്പാകെ അവതരിപ്പിച്ചുകൊള്ളുന്നു.

"തിരുവിതാംകൂർ പബ്ലിക്ക് സർവീസിലെ വിവിധ ഡിപ്പാർട്ട്മെൻറുകളിലേക്കും, ഗ്രേഡുകളിലേക്കും, അടുത്ത അഞ്ചുവർഷക്കാലത്തേക്കു നടത്തുന്ന നിയമനങ്ങളുടെ സംഗതിയിൽ ഏതെങ്കിലും ഡിപ്പാർട്ട്മെൻറിൽ ഒഴിവുണ്ടാകുമ്പോൾ ആ വിവരം പരസ്യപ്പെടുത്തി അപേക്ഷകൾ ക്ഷണിക്കുകയും ടി ഡിപ്പാർട്ടുമെൻറിൽ ജനസംഖ്യാ കണക്കിനു ഏറ്റവും കുറഞ്ഞ പ്രാതിനിധ്യമുള്ള വർഗ്ഗത്തിൽപ്പെട്ട അപേക്ഷകനു, തി

LIBRARY ARCHIVES Kerala Legislative Assembly